# The Prabuddha Keralam.

# പ്രബുദ്ധകേരളം.

---

വിവേകനിർമ്മലാനന്ദ ജ്ഞാനവൈരാഗ്യസിദ്ധിദം
"പ്രബുദ്ധകേരളം" രാമകൃഷ്ണോരക്ഷതുസർവ്വദാ.

---

വാല്യം ൧൭ } ൧൧൦൭ കർക്കടകം { ലക്കം ൧൦.

## ശിവസ്തുതി.

ഓം നമഃ ശിവായ.

ഖഹതി വിപുലവാതഃ പൂർവ്വസംസ്കാരരൂപഃ
വിദളതിബലവൃന്ദം ഘൂർണ്ണിതേവോർമ്മിമാലാ
പ്രചലതി ഖലുയുഗ്മം യുഷ്മ ദസ്മത് പ്രതീതം.
അതിവികലിതരൂപം നൌമിചിത്തംശിവസ്ഥം.

ജനകജനിതഭാവോ വൃത്തയഃ സംസ്കൃതാശ്ച
അഗണനബഹുരൂപാ യത്രചൈകോയഥാർത്ഥഃ
ശമിതവികൃതിവാതെ യത്ര നാന്തർബഹിശ്ച
ത മഹഹ! ഹരമീഡെ ചിത്തവൃത്തേർ നിരോധം.

അർത്ഥം:— പൂർവ്വസംസ്കാരരൂപമായവൻകാററവീശുന്നു. (അതു്) ചുഴററപ്പെട്ട തിരമാലകൾപോലെ ശക്തിസമൂഹത്തെ ഊക്കോടുകൂടി മഥിക്കുന്നു. അതിൽനിന്നും യുഷ്മത് (വിഷയം) എന്നും അസ്മത് (വിഷയി) എന്നും അറിയപ്പെട്ടവ രണ്ടും പുറപ്പെടുന്നു. അത്യന്തം വിക്രിയക്കു

ളോടുകൂടിയതും പരമശിവങ്കൽ നിലകൊള്ളുന്നതുമായ ചിത്തത്തെ ഞാൻ സ്തുതിക്കുന്നു.

ജനിപ്പിക്കുന്നതു്, ജനിച്ചതു്, എന്നീ രണ്ടു ഭാവങ്ങളും, സംസ്കരിച്ചു ശുദ്ധമാക്കിയ മനോവൃത്തികളും, എണ്ണമില്ലാത്തവണ്ണം നാനാരൂപങ്ങളോടുകൂടിയിരിക്കുന്നു. ഇവയിൽ എല്ലാം യഥാൎത്ഥമായിട്ടുള്ളതു് ഏകവസ്തുമാത്രം. വികാരങ്ങളാകുന്ന കാററു് നില്ക്കുമ്പോൾ യാതൊന്നിൽ അകവും പുറവുമെന്നുള്ള ഭേദം ഇല്ലാതെയാകുന്നുവോ, ചിത്തവൃത്തിയുടെ നിരോധസ്വരൂപനായ ആ ഹരനെ ഞാൻ സ്തുതിക്കുന്നു.

(തുടരും)

# ശ്രീരാമകൃഷ്ണദേവന്റെ തിരുവായ്മൊഴി.

ദ്വിതീയഭാഗം—ഇരുപത്താറാം ഖണ്ഡം

## അദ്ധ്യായം ൧.

(ഭഗവാൻ ശ്രീരാമകൃഷ്ണൻ കാശീപുരഉദ്യാനത്തിൽ ഭക്തന്മാരോടുകൂടി താമസിക്കുന്നു.)

### ഗിരീശനും മാസ്റ്ററും.

കാശീപുര ഉദ്യാനത്തിന്റെ കിഴക്കുഭാഗത്തു് കല്പടകളോടുകൂടിയ ഒരു കുളമുണ്ടു്. ചന്ദ്രൻ ഉദിച്ചുകഴിഞ്ഞു. ഉദ്യാനത്തിലെ വഴികളും വൃക്ഷങ്ങളും നിലാവിൽ നീരാടിയിരിക്കുന്നു. കുളത്തിന്റെ പടിഞ്ഞാറെകരയിൽ ഒരു രണ്ടുനില കെട്ടിടമുണ്ടു്. മുകളിലത്തെനിലയിലുള്ള മുറിയിൽ കത്തുന്ന വിളക്കിന്റെ പ്രകാശം ജന്നൽവഴി വരുന്നതു് കുളക്കടവിൽനിന്നും കാണാൻ കഴിയും. മുറിക്കുള്ളിൽ ഭഗവാൻ മെത്തമേൽ ഇരിക്കുന്നു. ഒന്നോ രണ്ടോ ഭക്തന്മാർ നിശ്ശബ്ദമായി സമീപത്തിൽ ഇരിക്കുന്നു; അല്ലെങ്കിൽ ഒരു മുറിയിൽനിന്നും മറെറാന്നിലേയ്ക്കു പോയിക്കൊണ്ടിരിക്കുന്നു. ഭഗവാനു് സുഖക്കേടായതുകൊണ്ടു് ചികിത്സാൎത്ഥം ഉദ്യാനത്തിൽ താമസിക്കുകയാണു്. ഭക്തന്മാർ ശുശ്രൂഷിക്കുന്നതിനുവേണ്ടി സമീപത്തു പാൎക്കുന്നു. കുളത്തിന്റെ കടവിൽനിന്നും നോക്കിയാൽ താഴത്തെനിലയിലുള്ള മൂന്നു വെളിച്ചം കാണാം. ഒന്നു് ഭക്തന്മാർ താമസിക്കുന്ന മുറിയിലെ വെളിച്ചമാണു്. അതു് തെക്കെ അററത്തെ മുറിയാണു്. മദ്ധ്യത്തിൽ കാണുന്ന

വെളിച്ചം ശ്രീ ശ്രീമാതൃദേവിയുടെ മുറിയിൽനിന്നുമാണ് വരുന്നതു്. മാതൃദേവിയും ഭഗവാന്റെ ശുശ്രൂഷയ്ക്കായി വന്നുചേൎന്നിട്ടുണ്ടു്. മൂന്നാമത്തെ വെളിച്ചം പാകശാലയിലാണ്. ആ മുറി കെട്ടിടത്തിന്റെ വടക്കെ അററത്താണ്. ഉദ്യാനത്തിന്റെ നടുവിൽ നില്ക്കുന്ന ഈ രണ്ടുനില കെട്ടിടത്തിന്റെ തെക്കുകിഴക്കെ കോണിൽനിന്നും ഒരു പാത കുളക്കടവിലേയ്ക്കു പോകുന്നുണ്ടു്. ഈ പാതയിൽകൂടി പൂൎവ്വാഭിമുഖനായിട്ടുവേണം കുളക്കടവിലേയ്ക്കു പോകുവാൻ. പാതയുടെ രണ്ടുഭാഗത്തും, വിശേഷിച്ചും വലത്തുഭാഗത്തു് കായ്കളും പൂക്കളും നിറഞ്ഞ വൃക്ഷങ്ങൾ വരിയായി നില്ക്കുന്നുണ്ടു്.

ചന്ദ്രൻ ഉദിച്ചുകഴിഞ്ഞു. കുളക്കടവിൽ ഗിരീശൻ, മാസ്റ്റർ, ലാട്ടു എന്നിവരും വേറെയും ഒന്നുരണ്ടു് ഭക്തന്മാരുംകൂടി ഭഗവാനെപ്പററി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഇന്നു് വെള്ളിയാഴ്ച. ൧൮൮൫ ഏപ്രിൽ ൧൦-ാംനു: മേടമാസം; വെളുത്തപക്ഷത്തിലെ ത്രയോദശി.

അല്പസമയം കഴിഞ്ഞു് ഗിരീശനും മാസ്റ്ററും പാതയിൽക്കൂടി ലാത്തുകയാണ്. ഇടക്കിടെ സംസാരിക്കുന്നുണ്ടു്.

മാസ്റ്റർ:—പ്രകൃതിനിയമത്തെ മാററാൻ കഴിയുകയില്ല. (Uniformity of Nature) പാശ്ചാത്യർ പുതിയ പുതിയ നക്ഷത്രങ്ങളെ ദൂരദർശിനിവഴി കണ്ടുപിടിക്കുന്നു.

ഗിരീശൻ:—എന്നു പറയാൻ പ്രയാസമാണ്; വിശ്വാസമാകുന്നില്ല.

മാസ്റ്റർ:—എന്തു് ടെലസ്കോപ്പ് (ദൂരദർശിനി)വഴി ശരിയായി കാണാൻ കഴിയുകയില്ലെ.

ഗിരീശൻ:—ശരിയായി കാണുന്നുവെന്നു പറയുന്നതു് എങ്ങിനെയാണ്? ഭൂമിയ്ക്കും ചന്ദ്രനും മദ്ധ്യേയായി എന്തെങ്കിലും വസ്തുവുണ്ടു്, അതിൽക്കൂടി ചന്ദ്രരശ്മി കടന്നുവരുമ്പോൾ പക്ഷെ ഇങ്ങിനെ കണ്ടെന്നുവരികയില്ലെ?

ബാലന്മാരായ ഭക്തന്മാർ ഭഗവാന്റെ ശുശ്രൂഷയ്ക്കുവേണ്ടി സദാ ഉദ്യാനത്തിൽതന്നെയാണ്. നരേന്ദ്രൻ, രാഖാൽ, നിരഞ്ജനൻ, ശരത്, ശശീ, ബാബുരാമൻ, കാളീ, യോഗീൻ, ലാട്ടു, തുടങ്ങിയവരെല്ലാവരും ഉണ്ടു്. ഗൃഹസ്ഥഭക്തന്മാർ ചിലർ ദിവസവും വരുന്നുണ്ടു്; ഇടക്കിടയ്ക്കു രാത്രിയും അവിടെ കഴിക്കും. ചിലർ കൂടെക്കൂടെ വരും. ഇന്നു നരേന്ദ്രൻ, കാളി, താരകൻ എന്നിവർ ദക്ഷിണേശ്വരത്തു കാളീക്ഷേത്രത്തിൽ പോയിരിക്കുകയാണ്. അവിടെ പഞ്ചവടിയിൽ വൃക്ഷത്തിന്റെ ചുവട്ടിലിരുന്നു് ഈശ്വരചിന്തചെയ്യാം; സാധനചെയ്യാം എന്നാണ് നരേന്ദ്രന്റെ ഉദ്ദേശം. അതുകൊണ്ടു് ഗുരുഭായികൾ ഒന്നുരണ്ടുപേരുംകൂടെ പോയിട്ടുണ്ടു്.

# ശ്രീരാമാനുജചരിതം.

## അദ്ധ്യായം ൭.

### ബന്ധുസമാഗമം.

ഭഗവൽപ്രേമത്താൽ ഉന്മത്തനായിട്ട് ശ്രീരാമാനുജൻ വീണ്ടും വീണ്ടും സാലക്രൂപത്തെ പ്രദിക്ഷണംചെയ്തു. ഇതുകൊണ്ട് ശ്രീ ലക്ഷ്മിനാരായണൻ വ്യാധദമ്പതികളുടെ വേഷത്തിൽ വീണ്ടും അദ്ദേഹത്തിന്റെ നേത്രങ്ങളെ സഫലീകരിയ്ക്കുമെന്നുള്ള ആശയാൽ ചുററുപാടും നോക്കിത്തുടങ്ങി. സമയം ഉദിച്ച് രണ്ടുനാഴികയായി. നഗരത്തിൽനിന്നും ഒന്നുരണ്ട് സ്ത്രീകൾ കുടങ്ങളുമെടുത്തുകൊണ്ട് വെള്ളം കോരിക്കൊണ്ടുപോകുന്നതിനായിട്ട് സാലക്രൂപത്തിനു നേരെ വരുന്നു; അവിടെനിന്നും കാഞ്ചീപുരം അരനാഴിക അകലെയാണ്. തെക്കുഭാഗമൊഴികെ മററു ഭാഗങ്ങളെല്ലാം വൃക്ഷലതാപരിപൂർണ്ണമായ വനപ്രദേശമായതുകൊണ്ട് ജനങ്ങൾ അവിടെ വരിക നന്നേ കുറവായിരുന്നു. ശ്രീരാമാനുജൻ ഹൃദയം തുറന്ന് ഭഗവാന്റെ അപാരമാഹാത്മ്യത്തെ കീർത്തിച്ചു സന്തൃപ്തനായി. അദ്ദേഹം കുന്തിദേവി പറഞ്ഞ മധുരസ്തവങ്ങളാൽ ഇപ്രകാരം ഭഗവാനെ സ്തുതിച്ചു.

കൃഷ്ണായ വാസുദേവായ ദേവകീ നന്ദനായ ച
നന്ദഗോപ കുമാരായ ഗോവിന്ദായ നമോനമഃ
നമഃ പങ്കജനാഭായ—നമഃ പങ്കജമാലിനേ
നമഃ പങ്കജനേത്രായ—നമസ്തേ പങ്കജാംഘ്രയേ.

കുന്തീദേവിയെപ്പോലെ അദ്ദേഹം ഇപ്രകാരം ഭഗവൽ പാദപത്മങ്ങളിൽ പ്രാർത്ഥിച്ചു:—

വിപദഃ സന്തുനഃ ശശ്വൽ തത്ര തത്ര ജഗദ്ഗുരോ
ഭവതോ ദർശനംയത്സ്യാം ദപുനർഭവദർശനം.
ജന്മൈശ്വര്യശ്രുതശ്രീഭി രേധമാനമദഃപുമാൻ
നൈവാർഹത്യഭിധാതും വൈത്വാമകിഞ്ചനഗോചരം.
നമോഽകിഞ്ചനവിത്തായ—നിവൃത്തഗുണവൃത്തയേ
ആത്മാരാമായ ശാന്തായ—കൈവല്യപതയേനമഃ

(ശ്രീമൽഭാഗവതം—൧—൮)

"ഹേ ജഗൽഗുരോ! അവിടുത്തെ പ്രസാദംകൊണ്ട് ഞങ്ങൾക്ക് എല്ലായ്പോഴും വിപത്തുകൾതന്നെ ഉണ്ടാകട്ടെ. എന്തെന്നാൽ, വിപത്തുള്ളപ്പോൾ അവിടുത്തെ ദർശനം ലഭിക്കുന്നു, അങ്ങയെ ദർശിച്ചാൽ പിന്നീട്

ജനനമുണ്ടാകയില്ല. ചിലർ ഐശ്വര്യം, സൌന്ദര്യം, പാണ്ഡിത്യം, ആഭിജാത്യം എന്നിവയാൽ സ്വയം ഉൽകൃഷ്ടന്മാരെന്ന് അഭിമാനിക്കുന്നു. അവർ അവിടുത്തെ നാമഗ്രഹണത്തിന് അധികാരികളല്ല. കാരണം, അകിഞ്ചനന്മാരായ — മറ്റു യാതൊന്നും ഇല്ലാത്തവരായ — ഭക്തന്മാൎക്കുമാത്രം അവിടുന്ന് പ്രത്യക്ഷനാകുന്നു. ഹേ പ്രഭോ! ഈ ലോകത്തിൽ ഏതൊരുത്തൎക്ക് തൻേറതെന്നു പറയുവാൻ ഒന്നുംതന്നെ ഇല്ലയോ ആ ഭക്തജനങ്ങൾക്ക് അവിടുന്നു മാത്രമാണ് സ്വത്ത്; അങ്ങ്, ധൎമ്മാൎത്ഥകാമങ്ങൾക്കും അതീതനായിട്ട് സദാ സ്വാത്മാവിൽ രമിക്കുന്നു. വാസനാവശം ഇല്ലാത്തതുകൊണ്ട് അങ്ങ് സൎവ്വഥാ ശാന്തനായിരിക്കുന്നു. അവിടുന്ന് സമസ്തജീവികൾക്കും മോക്ഷദനാണ്. ആകയാൽ ഞാൻ അങ്ങേ നമസ്കരിക്കുന്നു."

പ്രേമവിഹ്വലനായ രാമാനുജൻ അശ്രുസ്വേദകമ്പാദി സ്വാത്വികവികാരങ്ങളുടെ പ്രത്യക്ഷവിഗ്രഹമായി സ്ഥിതിചെയ്യുന്ന ഈ സമയത്തിൽ കുടങ്ങളുമെടുത്തുകൊണ്ട് രണ്ടുമൂന്നു സ്ത്രീകൾ കിണററുകരയിൽ വന്നുചേൎന്നു. അവരേക്കണ്ടപ്പോൾ അദ്ദേഹം തൻേറ ചിന്താവികാരങ്ങളെ അടക്കി കാഞ്ചീപുരത്തേയ്ക്കു നടന്നു.

പുത്രവിരഹത്താൽ, മാതാവായ കാന്തിമതി കരയുന്നു. ഈ സമയം തൻേറ വാത്സല്യഭാജനമായ പുത്രനെ അവിചാരിതമായി കണ്ടിട്ട് അവർ ആദ്യം വിശ്വസിച്ചില്ല. എന്നാൽ, രാമാനുജനാകട്ടെ പ്രിയജനനിയുടെ പാദങ്ങളെ ഗ്രഹിച്ച് നമസ്കരിച്ചുകൊണ്ട് നമ്രശിരസ്കനായിട്ട് "അമ്മാ ഇതാ ഞാൻ വന്നിരിക്കുന്നു, അമ്മയ്ക്കു സുഖംതന്നെയോ?" എന്നു പറഞ്ഞു. പീയൂഷതുല്യമായ ഈ വാക്കുകേട്ടപ്പോൾതന്നെ അവരുടെ സകല സംശയങ്ങളും തീൎന്നു അവർ പുത്രൻേറ ശിരസ്സിൽ ചുംബിച്ച് ആശീൎവ്വദിച്ചിട്ട് ഇരിക്കുവാൻ പറഞ്ഞു. അനന്തരം ഇപ്രകാരം ചോദിച്ചു, "കുഞ്ഞേ! നീ എന്താണ്. ഇത്രവേഗം ഏകാകിയായി തിരിച്ചുവന്നതു്? ഗോവിന്ദനെവിടെ? ഗംഗാസ്നാനത്തിനു പോയാൽ ആറുമാസം കഴിഞ്ഞേ തിരിച്ചു വരികയുള്ളു എന്ന് കേട്ടിട്ടുണ്ട്. നീ എന്താണ് വഴിയിൽനിന്നു തിരിയെ പോന്നതു്?" ഇതുകേട്ട് രാമാനുജൻ സകല സംഗതികളും ആദ്യന്തം പറഞ്ഞു കേൾപ്പിച്ചു. അവർ യാദവപ്രകാശൻേറ ദുരാശയേക്കുറിച്ചു കേട്ട് വിസ്മിതയായിട്ട് ഈശ്വരാനുഗ്രഹത്തെ സ്മരിച്ച് പുത്രമുഖദൎശനത്താൽ ആനന്ദപരവശയായി. അധികം താമസിയാതെ അവർ ശ്രീനാരായണനുവേണ്ടി നിവേദ്യം തയാറാക്കുന്നതിന് പാകശാലയിലേയ്ക്കു നടന്നു. ആനന്ദംകൊണ്ട് എന്തു പാകംചെയ്യണം, എങ്ങിനെ പാകംചെയ്യണം, എന്നൊന്നും തോന്നിയില്ല. പാകശാലയിൽചെന്നു നോക്കിയപ്പോൾ വിറകില്ല. വിറകു തീൎന്നിട്ട് ദിവസം മൂന്നുനാലായി. എന്തെന്നാൽ, രാമാനുജൻ ഗൃഹത്തിലില്ല, അതുകൊണ്ട് പുത്രവധു, മകൻ തീൎത്ഥയാത്രയ്ക്കു പോയശേഷം പിതൃഗൃഹത്തിൽ താമസിക്കയാണ്. പിന്നെ ആൎക്കുവേണ്ടി

പാകംചെയ്യുന്നം? തേവാരത്തിൽ ഉപയോഗിച്ച ചില്ലറ ഫലമൂലങ്ങൾ കൊണ്ടു് രണ്ടുമൂന്നു ദിവസം കഴിച്ചുകൂട്ടി. വിറകിൻെറകാൎയ്യം അവർ ഓൎമ്മിച്ചതുമില്ല. വിശേഷിച്ച് ഈ അവസരത്തിൽ അവരുടെ മനസ്സ് രാമാനുജനെ വിചാരിച്ച് വളരെ ചഞ്ചലമായതുകൊണ്ടു് തനിയെ ഒരിടത്തിരുന്നു നിലവിളിച്ചു. ഗൃഹത്തിൻെറ കഥപോലും ഓൎമ്മിക്കാതിരിക്കയായിരുന്നു. അങ്ങാടിയിൽപോയി തന്നെത്താൻ വിറകുവാങ്ങിച്ചു കൊണ്ടുവരും. ദാസിഇപ്പോഴും വന്നിട്ടില്ല. വളരെവഴി നടന്നുവന്നതായതുകൊണ്ടു് മകനെ ദുഃഖിപ്പിക്കരുതെന്നു വിചാരിച്ചു. ഈ സമയം അവരുടെ ഇളയ സഹോദരയായ ദീപ്തിമതി വധുവിനോടൊന്നിച്ച് ഭവനത്തിൻെറ മറെറാരുവാതലിൽ ക്കൂടിവന്നു് വന്ദിച്ചുകൊണ്ടു പറഞ്ഞു. "സോദരി! സുഖംതന്നെയോ?" നിങ്ങൾ ആഹാരനിദ്രകളുപേക്ഷിച്ച് പുത്രനുവേണ്ടി രാപകൽ കരയുന്നു വെന്നു് ദാസി പറഞ്ഞു. അതുകൊണ്ടു് ഞാൻ നിങ്ങളെക്കാണാനായിട്ടാണു് വന്നതു്. എന്തു വിചാരമാണു്? ശ്രീനാരായണനുണ്ടല്ലോ" അദ്ദേഹം കുഞ്ഞുങ്ങളെ രക്ഷിച്ചുകൊള്ളും. എത്രയോ ജനങ്ങൾ ഗംഗാസ്നാനംകഴിഞ്ഞു തിരിച്ചു വരുന്നു. നിങ്ങൾ വിചാരപ്പെടാതിരിക്കണം. രാമാനുജനും ഗോവിന്ദനും വരുന്നതുവരെ ഞാൻ ഇവിടെ നിങ്ങളോടുകൂടിത്തന്നെ താമസിക്കാം. അതിനു് വധുവിനെ കൂട്ടിച്ചുകൊണ്ടു വന്നിരിക്കയാണു്. ദാസി കമ്പോളത്തിൽനിന്നും വിറകു മുതലായവ വാങ്ങികൊണ്ടു്......" ഇത്രയും പറഞ്ഞവസാനിക്കുന്നതിനുമുമ്പ് രാമാനുജൻവന്നു് ചിററമ്മയുടെ കാല്ക്കൽ നമസ്കരിച്ചു. പെട്ടെന്നു് ഭാഗിനേയനെ നേരിട്ടുകണ്ടു് ദീപ്തിമതി ആനന്ദവിവശയായി. തൻെറ രണ്ടു കൈകൾകൊണ്ടും രാമാനുജനെ എഴുനേല്പ്പിച്ചിട്ടു് "കുഞ്ഞേ! ദീൎഘായുസ്സായിഭവിക്കുക!" എന്നു് ആശീൎവ്വാദം ചെയ്തു. പിന്നീടു് ഗോവിന്ദൻെറ സകല കഥകളും ചോദിച്ചു മനസ്സിലാക്കി. കാന്തിമതി സോദരിയേയും പുത്രഭാൎയ്യയേയും കണ്ടിട്ടു് സീമാതീതമായ ആനന്ദംപ്രാപിച്ചു; ലജ്ജാശീലയായ വധുവാകട്ടെ അവിചാരിതമായുണ്ടായ ഈ പ്രിയസമാഗമത്തിൽ ആനന്ദഭരത്താൽ ഭൎത്തൃപാദങ്ങളിൽ നമിച്ച് പാദങ്ങളെ പ്രേമാശ്രുക്കളാൽ അഭിഷേകംചെയ്തു. ആചാൎയ്യഭവനത്തിൽ ആ സമയത്തു് ഒരു സ്വൎഗ്ഗീയമായ അനുഭവംതന്നെയായിരുന്നു.

ഈ അവസരത്തിൽ, അരി, കായ്, നെയ്യ്, പഞ്ചസാര, ഉപ്പ്, വിറക് മുതലായ സാമാനങ്ങളുമായി ദാസി വന്നുചേൎന്നു. അപ്പോൾ ആ സഹോദരികൾ ഇരുവരും അതീവസന്തുഷ്ടരായിട്ടു് തേവാരത്തിനുള്ളനിവേദ്യവസ്തുക്കൾ പാകംചെയ്തു. തേവാരംകഴിഞ്ഞു് ഗൃഹദ്വാരത്തിനു സമീപം രാമാനുജൻ ഇരിക്കുമ്പോൾ, ശ്രീ കാഞ്ചീപൂൎണ്ണൻ രാമാനുജൻെറ ആഗമനവാൎത്ത കേട്ടു് അദ്ദേഹത്തെ കാണ്മാനായി വരുന്നതുകണ്ടു. സമുദ്രം പൂൎണ്ണചന്ദ്രനെക്കാണുമ്പോൾ ആനന്ദപരിപ്ലുതമായിട്ടു് തരംഗഹസ്തങ്ങളാൽ ആ സുധാകരകരങ്ങളെ സോല്ലാസം സ്വീകരിക്കുന്നതുപോലെ, ശ്രീരാമാ

നുജനെ കണ്ടമാത്രയിൽ ശ്രീ കാഞ്ചിപൂർണ്ണനും പുളകിതഗാത്രനായിട്ട് തന്റെ രണ്ടു കൈകൾകൊണ്ടും രാമാനുജന്റെ ഹസ്തങ്ങളെ ഗ്രഹിച്ച് തന്റെ എളിമയേ പ്രകാശിപ്പിച്ചു. പ്രണാമോന്മുഖനായ അദ്ദേഹത്തെ ആദരപൂർവ്വം എഴുന്നേല്പ്പിച്ചിട്ട് ലോകാചാരത്തിനു വിപരീതമായ ആ പ്രവൃത്തിയെ നിഷേധിച്ചു. രാമാനുജൻ അദ്ദേഹത്തോടു പറഞ്ഞു. "മഹാത്മൻ! അവിടുത്തെ ദർശിക്കാനിടയായതുകൊണ്ട് ഇന്ന് ഞാൻ അത്യന്തം ഭാഗ്യവാനായിരിക്കുന്നു. ദയവുണ്ടായി ഇന്ന് ഇവിടെത്തന്നെ പ്രസാദം സ്വീകരിക്കണം. എല്ലാം തയാറുണ്ട്." ശ്രീ കാഞ്ചിപൂർണ്ണനും അതിനെ സന്തോഷസമേതം സ്വീകരിച്ചു.

രാമാനുജന്റെ ഭവനത്തിൽ അന്ന് എന്തൊരാനന്ദമായിരുന്നു! അദ്ദേഹത്തിന്റെ പിതാവിന്റെ നിര്യാണത്തിനുശേഷം ഇങ്ങിനെ ഒരിക്കലും ഉണ്ടായിട്ടില്ല. ഗോവിന്ദനില്ലാതിരുന്നതിനാൽ ദീപ്തിമതിക്ക് അല്പം സങ്കടത്തിനു വകയുണ്ടായിരുന്നു, എങ്കിലും അവർക്ക് രാമാനുജനേക്കുറിച്ചുള്ള സ്നേഹംകൊണ്ടും ഈശ്വരകാരുണ്യം അവരിൽ ഉണ്ടെന്നുള്ള വിശ്വാസത്താലും മനസ്സിൽ വ്യാകുലതയ്ക്ക് അല്പംപോലും സ്ഥാനമില്ലായിരുന്നു. ആ ദിവസം എല്ലാവരെക്കാളും ആനന്ദിച്ചതു ദീപ്തിമതിയാണ്.

---

## നിംബാർക്കാചാര്യൻ.

നിംബാർക്കാചാര്യന്റെ അപരനാമമത്രേ നിയമാനന്ദൻ. നിയമാനന്ദൻ എന്ന പേരിലാണ് ദേവാചാര്യൻ ഇദ്ദേഹത്തെപ്പററി പ്രസ്താവിച്ചിരിക്കുന്നത്. * നിംബാർക്കന്റെ ആദ്യനാമം ഭാസ്കരാചാര്യനെന്നായിരുന്നു. ഭാസ്കരാചാര്യരുടെ ഭേദാഭേദവാദം നിംബാർക്കന്റെ ദ്വൈതാദ്വൈതവാദത്തിനു തുല്യമാണെന്നുള്ളതും സ്മരണീയമാണ്. നാമധേയങ്ങളുടെ സാദൃശ്യവും ആലോചനാവിഷയമാകുന്നു. നിംബാദിത്യൻ സൂര്യന്റെ അവതാരമാണെന്നും അദ്ദേഹം പാഷണ്ഡമതത്തെ നശിപ്പിക്കുന്നതിനായിട്ടു ഭൂമിയിൽ അവതരിച്ചിട്ടുള്ളതാണെന്നും നിംബാർക്കസമ്പ്രദായികൾ പറഞ്ഞുവരുന്നു. അദ്ദേഹം വൃന്ദാവനത്തിനുസമീപം വസിച്ചിരുന്നു. ഒരിക്കൽ ഒരു ദണ്ഡി

---

* ദേവാചാര്യൻ തന്റെ വൃത്തിയുടെ പ്രാരംഭ ശ്ലോകത്തിൽ നിയമാനന്ദനെന്ന പേരിൽ ഇദ്ദേഹത്തെ നമസ്കരിക്കുന്നു;

"നിയമേനയദാനന്ദോ ജഗദ്ഭാസയതേഽഖിലം
തമഹം നിയമാനന്ദം വന്ദേകൃഷ്ണം ജഗദ്ഗുരും."

ഗ്രന്ഥസമാപ്തിയിലും ഇപ്രകാരമെഴുതിയിരിക്കുന്നു:—"ശ്രീമൽസനൽക്കുമാര സന്തതി പാരമ്പരിതശ്രീഭഗവന്നിയമാനന്ദാഖ്യാചാര്യ പദപങ്കജമകരന്ദഭൃങ്ഗശ്രീ ദേവാചാര്യ വിരചിതമയം,—ഇത്യാദി.

സന്യാസി (ചിലരുടെ അഭിപ്രായത്തിൽ ഒരു ജൈനഭിക്ഷു) അദ്ദേഹത്തിന്റെ ആശ്രമത്തിൽ ആഗമിച്ചു. രണ്ടാളും വാദമാരംഭിച്ചു. വാദം തുടൎന്നുകൊണ്ടിരിക്കെ സൂൎയ്യൻ മിക്കവാറും അസ്തംഗതനായി. ഭാസ്കരാചാൎയ്യൻ അഭ്യാഗതനായ ഭിക്ഷുവിന് അല്പം ഭക്ഷണം തയാറാക്കി. എന്നാൽ ദണ്ഡികൾക്കും ജൈനഉദാസികൾക്കും രാത്രിയിൽ ഭക്ഷണം കഴിച്ചുകൂടെന്നു നിയമമുണ്ട്. തൻമൂലം അതിഥി അതിനെ സ്വീകരിച്ചില്ല. അതിഥിസൽക്കാരപ്രിയനായ ഭാസ്കരനാകട്ടെ സൂൎയ്യന്റെ ഗതിയെ നിരോധിച്ചു. സൂൎയ്യൻ അദ്ദേഹത്തിന്റെ ആദേശത്താൽ അടുത്തുള്ള നിംബവൃക്ഷത്തിൽ സ്ഥിതിചെയ്തു. അന്നുമുതൽ ഭാസ്കരാചാൎയ്യൻ നിംബാൎക്കൻ അഥവാ നിംബാദിത്യൻ എന്നു വിഖ്യാതനായി. *

ധ്രുവക്ഷേത്രത്തിലുള്ള നിംബാൎക്കസമ്പ്രദായത്തിലെ മഹന്ത്, അവർ നിംബാൎക്കന്റെ വംശജന്മാരാണെന്നു പറഞ്ഞുവരുന്നു. എന്നാൽ നിംബാൎക്കന്റെ നിയമാനന്ദൻ എന്ന നാമംകൊണ്ട് അദ്ദേഹം സന്യാസിയായിരുന്നു എന്നു തോന്നുന്നു. നിംബാൎക്കാനുയായികളുടെ അഭിപ്രായത്തിൽ അദ്ദേഹത്തിന്റെ ജീവിതകാലം അഞ്ചാം ശതാബ്ദമാണെന്നു കാണുന്നു. ധ്രുവക്ഷേത്രമഠം സ്ഥാപിച്ചിട്ട് കുറഞ്ഞതു 1500 വത്സരത്തിലധികമായിട്ടുണ്ടെന്നു അവർ പറഞ്ഞുവരുന്നു. വസ്തുതയോ ഈ നിൎദ്ദേശം അസംഗതമാണ്. മാത്രമല്ല, നിംബാൎക്കാചാൎയ്യന്റെ കാലനിൎണ്ണയം ഏററവും ദുരൂഹമാകുന്നു. എന്തെന്നാൽ, അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽനിന്നും ആ വിഷയത്തിൽ യാതൊരു സഹായവും ലബ്ധമാകുന്നില്ല. ഭട്ടഭാസ്കരന്റെ മതവാദപ്രഭാവം നിംബാൎക്കന്റെ മതത്തിൽ കാണുന്നുണ്ട്. മതസാദൃശ്യംകൊണ്ട് നാമസാമ്യവും സംഭവിക്കാവുന്നതാകുന്നു. ഭേദാഭേദവാദിയായ ഭാസ്കരാചാൎയ്യന്റെ മതവാദപ്രഭാവത്താൽ പ്രേരിതനായിട്ട് നിംബാൎക്കൻ "വേദാന്തപാരിജാതസൌരഭ"ത്തെ നിൎമ്മിച്ചു എന്നാണു തോന്നുന്നതു്. ഭേദാഭേദവാദിയായ ഭാസ്കരാചാൎയ്യന്റെ കാലം പത്താം ശതാബ്ദമാകുന്നു. നിംബാൎക്കന്റെയും ശ്രീനിവാസന്റെയും വ്യാഖ്യാനങ്ങളെ അവലംബിച്ചു വൃത്തി രചിച്ച ദേവാചാൎയ്യന്റെ കാലം 12-ാം ശതാബ്ദമെന്നു നിൎണ്ണയിക്കപ്പെട്ടിട്ടുണ്ട്. അതിനാൽ, നിംബാൎക്കന്റെ കാലം 10-ം 12-ം ശതാബ്ദങ്ങൾക്കുള്ളിലാണെന്നു നിശ്ചയമായും അനുമാനിക്കാം.

ഭാസ്കരന്റെ ഭാഷ്യത്താൽ ശാങ്കരമതം ഖണ്ഡിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് നിംബാൎക്കൻ പ്രത്യേകമായി അതിൽ യത്നിച്ചില്ല. എന്നാൽ അതിസംക്ഷേപമായിട്ട് വിഷ്ണുപരമായി ബ്രഹ്മസൂത്രത്തിന്റെ ഭാഷ്യരൂപത്തിൽ ദ്വൈതാദ്വൈതസിദ്ധാന്തത്തെ പ്രതിപാദിച്ചിരിക്കുന്നു.

* ഭക്തമാലയിലും ഈ സംഭവം വൎണ്ണിച്ചിരിക്കുന്നു.

നിംബാൎക്കസമ്പ്രദായത്തിൽ, വിരക്തൻ, ഗൃഹസ്ഥൻ, എന്നു രണ്ടു ശാഖകളുണ്ട്. കേശവഭട്ടനെന്നും ഹരിവ്യാസനെന്നുമുള്ള രണ്ടു ശിഷ്യന്മാരിൽനിന്നും ഈ രണ്ടു ശാഖകളുമുത്ഭവിച്ചു. ഗൃഹസ്ഥന്മാർ ഹരിവ്യാസൻെറ അനുയായികളാകുന്നു. കേശവഭട്ടൻ നിംബാൎക്കൻെറ സാക്ഷാൽ ശിഷ്യനാണോ എന്നുള്ള കാൎയ്യം സൂക്ഷ്മമായി അറിയുന്നില്ല. എന്തെന്നാൽ ഈ കേശവഭട്ടൻ ടീകാകാരനായ കേശവാചാൎയ്യനാണെങ്കിൽ, അദ്ദേഹത്തിൻെറ കാലം 15-ാം ശതാബ്ദമാണ്. ടീകാകാരനായ കേശവാചാൎയ്യൻ ചൈതന്യദേവൻെറ സമാനകാലികനാകുന്നു.

നിംബാൎക്കൻെറ ജീവചരിതം സംബന്ധമായി കൂടുതൽ വിവരങ്ങൾ അറിയുന്നില്ല. "വേദാന്തപാരിജാതസൌരഭ"മൊഴിച്ച് വേദാന്തസംബന്ധമായി ചില ശ്ലോകങ്ങളല്ലാതെ അദ്ദേഹത്താൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള യാതൊരു ഗ്രന്ഥവും ഇതുവരെ കിട്ടിയിട്ടില്ല. മാൎഗ്ഗപ്രചാരകനായതുകൊണ്ട് ജീവിതസംഭവങ്ങൾ അനേകം ഉണ്ടായിരിക്കാനിടയുണ്ട്. എന്നാൽ, അവയെയൊന്നും വിവരിച്ചു കാണുന്നില്ല.

നിംബാൎക്കാചാൎയ്യൻെറ ഗ്രന്ഥവിവരണം:—

ആചാൎയ്യനിംബാൎക്കൻെറ "വേദാന്തപാരിജാതസൌരഭ"മെന്ന ഗ്രന്ഥം ബ്രഹ്മസൂത്രഭാഷ്യമാകുന്നു. അദ്ദേഹം വേദാന്തപരമായി ചില ശ്ലോകങ്ങൾ രചിച്ചിട്ടുള്ളവയെ പുരുഷോത്തമാചാൎയ്യൻ "വേദാന്ത രത്നമഞ്ജൂഷ"യിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. ദേവാചാൎയ്യൻ "സിദ്ധാന്തജാഹ്നവി" എന്ന വൃത്തിഗ്രന്ഥത്തിൽ ആ ശ്ലോകങ്ങളിൽ ഒന്ന് ഉദ്ധരിച്ചു കാണുന്നു. ഈ ശ്ലോകം നിംബാൎക്കസമ്പ്രദായക്കാരാൽ ഏററവും ആദരിക്കപ്പെട്ടുവരുന്ന ദശശ്ലോകി" എന്ന ചെറിയ പ്രകരണഗ്രന്ഥത്തിലെ ഒന്നാമത്തെ ശ്ലോകമാണ്. ദ്വൈതാദ്വൈതവാദസിദ്ധാന്തങ്ങളെ വിഷ്ണുഭഗവാൻ ഹംസരൂപിയായി അവതരിച്ചപ്പോൾ സനകസനന്ദാദികൾക്ക് ഉപദേശിച്ചുവെന്നും അവരാൽ ഉപദേശിക്കപ്പെട്ട നാരദനാണ് നിംബാൎക്കനു അവയെ ഉപദേശിച്ചതെന്നുമാണ് സമ്പ്രദായികളുടെ വിശ്വാസം. നിംബാൎക്കൻ സ്വരചിതമായ "ദശശ്ലോകി"യിൽ അവയെ ഭംഗിയായി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് അവയെ താഴെ ഉദ്ധരിക്കാം. ദശശ്ലോകിക്കു ഉത്തമങ്ങളായ അനേകം ഭാഷ്യങ്ങളുണ്ട്.

"ജ്ഞാനസ്വരൂപം—ച—ഹരേരധീനം;
ശരീരസംയോഗ വിയോഗയോഗ്യം।
അണും—ഹി ജീവം പ്രതിദേഹഭിന്നം;
ജ്ഞാതൃത്വവന്തം തമനന്തമാഹുഃ (൧)

അനാദിമായാ പരിയുക്തരൂപം;
ത്വേനം വിദുർവൈ ഭഗവൽപ്രസാദാത്।

മുക്തം ച ഭക്തംകില ബദ്ധമുക്തം;
പ്രഭേദബാഹുല്യമഥാപി ബോദ്ധ്യം. (൨)

അപ്രാകൃതപ്രാകൃതരൂപകം ച;
കാലസ്വരൂപം തദ് അചേതനം മതം।
മായാപ്രധാനാദി പദ പ്രവാച്യം;
ശുക്ലാദി ഭേദാശ്ച സമേഽപി തത്ര. (൩)

സ്വഭാവതോഽപാസ്ത സമസ്തദോഷ,
മശേഷകല്യാണഗുണൈകരാശിം।
വ്യൂഹാംഗിനം ബ്രഹ്മപരം വരേണ്യം;
ധ്യായേമ കൃഷ്ണം കമലേക്ഷണം ഹരിം. (൪)

അംഗേതു വാമേ വൃഷഭാനുജാം മുദാ;
വിരാജമാനാമനുരൂപ സൌഭഗാം।
സഖീ സഹസ്രൈഃ പരിസേവിതാം സദാ;
സ്മരേമ ദേവീം സകലേഷ്ടകാമദാം. (൫)

ഉപാസനീയം നിതരാം ജനൈഃ സദാ;
പ്രജ്ഞാപ്യ മജ്ഞാനതമോനിവൃത്തയേ।
സനന്ദനാദ്യൈർമ്മുനിഭിസ്തഥോക്തം;
ശ്രീനാരദായാഖിലതത്വ സാക്ഷിണേ. (൬)

സർവ്വംഹിവിജ്ഞാനമതോ യഥാർത്ഥകം;
ശ്രുതി സ്മൃതിഭ്യോ നിഖിലസ്യവസ്തുനഃ।
ബ്രഹ്മാത്മകത്വാദ് ഇതി വേദവിന്മതം;
ത്രിരൂപതാപി ശ്രുതി സൂത്ര സാധിതാ. (൭)

നാന്യാഗതിഃകൃഷ്ണ പദാരവിന്ദാൽ
സംദൃശ്യതെ ബ്രഹ്മശിവാദിവന്ദിതാത്।
ഭക്തേച്ഛയോപാത്ത സുചിന്ത്യവിഗ്രഹാദ്,
അചിന്ത്യശക്തേ രവിചിന്ത്യവൈഭവാത്. (൮)

കൃപാസ്യദൈന്യാദി ശുചി പ്രജായതെ
യയാഭവേത് പ്രേമവിശേഷലക്ഷണാ।
ഭക്തിർ, ഹ്യനന്യാധിപതേർമ്മഹാത്മനഃ;
സാചോത്തമാ സാധനരൂപികാ ച. (൯)

ഉപാസ്യരൂപം, തദുപാസകസ്യ ച;
കൃപാഫലം ഭക്തിരസഃ തതഃപരം।
വിരോധിനോരൂപമഥൈതദ് ആപ്യതേ;
ജ്ഞേയാ ഇമേഽർത്ഥാ അപി പഞ്ച സാധുഭിഃ" (൧൦)

"ജീവൻ ജ്ഞാനസ്വരൂപനാണ്. ഈശ്വരനായ ശ്രീ ഹരിക്ക് അധീനനുമാണ്. ജീവൻ ശരീരത്തോടു യോജിക്കുന്നതിനും പിരിയുന്നതിനും യോഗ്യനാണ്. അണുവാണ് അതിൻെറ വലിപ്പം. ദേഹം തോറും വേറേ വേറെയാണ്, ജ്ഞാതാവ് എന്ന ധൎമ്മവും ജീവനുണ്ട്; സംഖ്യയിൽ അനന്തമെന്നും പറയുന്നു. (൪) അനാദിയായ മായ ജീവനെ നാലുപാടും ചുററിയിരിക്കുന്നു, അതുകൊണ്ട് ജീവസ്വരൂപത്തെ ഭഗവൽപ്രസാദം കൊണ്ടാണ് വിദ്വാന്മാർ അറിയുന്നത്. ജീവികൾ ബദ്ധന്മാർ, ഭക്തന്മാർ, ബദ്ധമുക്തന്മാർ, എന്നു മൂന്നുവിധമാണെന്നു പ്രസിദ്ധം; വേറെയും വളരെ ഭേദങ്ങളുണ്ടെന്നറിയണം. (൫) (ചേതനസ്വരൂപനായ ജീവനെപ്പററി പറഞ്ഞുകഴിഞ്ഞു) അചേതനത്തെപ്പററി പറയുന്നു. അപ്രാകൃതം, പ്രാകൃതം എന്ന രൂപത്തിലും കാലസ്വരൂപമായും അചേതനം മൂന്നുവിധം. (അപ്രാകൃതം, പ്രാകൃതമല്ലാത്ത ഒരു പ്രകാശമുള്ള വസ്തു; ഭഗവാൻെറ ചക്രഗദാദ്യായുധങ്ങളുടെയും ഭൂഷണാദികളുടെയും ഉപാദാനം) പ്രകൃതിയുടെ ഈ മൂന്നു ഗുണങ്ങളും സമമായിരിക്കുമ്പോൾ മായാ, പ്രധാനം ഇത്യാദി പദങ്ങളെക്കൊണ്ടു വ്യവഹരിക്കുന്നു. (൬) സ്വതേതന്നെ ദോഷലേശംപോലും സ്പൃശിച്ചിട്ടില്ലാത്തവനും, കല്യാണം ദയാ തുടങ്ങിയ സമസ്ത ഉത്തമഗുണങ്ങളും നിറഞ്ഞവനും ചതുൎവ്യൂഹങ്ങളാകുന്ന അംഗങ്ങളോടുകൂടിയവനും, പരബ്രഹ്മസ്വരൂപനും, വരേണ്യനും, പുണ്ഡരീകനയനനും, ശ്രീകൃഷ്ണസ്വരൂപനുമായ, ഭഗവാൻ ശ്രീ ഹരിയെ നാം ധ്യാനിക്കണം. (൭) ആ കൃഷ്ണഭഗവാൻെറ ഇടതുഭാഗത്തു പ്രമോദത്തോടുകൂടി വിളങ്ങുന്നവളും, സൌഭാഗ്യംകൊണ്ടു ഭഗവാന് അനുരൂപയും, അനേകം സഖികളാൽ നിഷേവിതയും, സകല ഇഷ്ടങ്ങളേയും കാമങ്ങളെയും പ്രദാനംചെയ്യുന്നവളുമായ ശ്രീ രാധികാദേവിയെ നമ്മൾ സ്മരിക്കണം. (൮) മായാരൂപമായ തമസ്സിനെ നിവൎത്തിപ്പിക്കുന്നതിനായിട്ട് ജനങ്ങൾ പ്രകൃഷ്ടമായ ജ്ഞാനംകൊണ്ടു ലഭ്യനായ ഹരിയെ എല്ലായ്പോഴും നല്ലവണ്ണം ഉപാസനചെയ്യണം; എന്നു സനന്ദനാദി മുനിമാർ അഖിലതത്വങ്ങളെയും സാക്ഷാൽകരിച്ചു നാരദനോടു പറഞ്ഞിട്ടുണ്ട്. (൯) ശ്രുതിസ്മൃതികളിൽനിന്നും ലഭിക്കുന്ന നിഖിലവസ്തുക്കളെപ്പററിയുള്ള സൎവ്വ വിജ്ഞാനവും ഇതു ഹേതുവായിട്ട് യഥാൎത്ഥമാണ്. എന്തെന്നാൽ (സൎവ്വവും) ബ്രഹ്മസ്വരൂപമാണ്. ഇങ്ങിനെയാണ് വേദജ്ഞന്മാരുടെ അഭിപ്രായം. ബ്രഹ്മം മൂന്നുരൂപത്തിലാണെന്നുള്ളതും ശ്രുതിയിൽനിന്നും ബ്രഹ്മസൂത്രങ്ങളിൽനിന്നും സിദ്ധിക്കുന്നുണ്ട്. (൰) ബ്രഹ്മാവ് ശിവൻ തുടങ്ങിയവരാൽ വന്ദിക്കപ്പെടുന്നതും, ഭക്തൻെറ ഇച്ഛാനുസാരം ചിന്തിക്കുവാൻ എളുപ്പമുള്ള രൂപത്തെ കൈക്കൊണ്ടിരിക്കുന്നതും അചിന്ത്യമായ ശക്തികളോടുകൂടിയിരിക്കുന്നതും അവിചിന്ത്യമായ വൈഭവത്തോടുകൂടിയതുമായ ശ്രീകൃഷ്ണപാദാരവിന്ദങ്ങളിൽനിന്നും അന്യമായി വേറെ ഒരു ഗതിയും കാണുന്നില്ല. (൰൧) ദൈന്യാദിദുഃഖങ്ങൾകൊണ്ടു

ശ്ലോകത്തിൽ ആണ്ട് ഇരിക്കുന്നവനിൽ ഭഗവാൻെറ കൃപ ജനിക്കുന്നു. കൃപകൊണ്ട്, തനിക്ക് മറെറാരധിപതിയില്ലാത്തവനും, മഹാത്മാവുമായ ഭഗവാനിൽ പ്രേമവിശേഷം എന്നു ലക്ഷണം പറയുന്നതായ ഭക്തിയുണ്ടാകുന്നു. ആ ഭക്തി ഉത്തമസാധന എന്നഭിപ്രായപ്പെട്ടിരിക്കുന്നു. (൯) ഉപാസ്യദേവതയുടെ രൂപം, ഉപാസകൻെറരൂപം, അതിനുശേഷം ഭഗവൽകൃപയുടെ ഫലമായ ഭക്തിരസം, അതിനുള്ള വിരുദ്ധവസ്തുക്കളുടെ രൂപം, യാതൊരു ഗുരുവിൽനിന്ന് ഇതു് പ്രാപിക്കപ്പെടുന്നു അദ്ദേഹത്തിൻെറ രൂപം, എന്നിങ്ങനെ അഞ്ചുകൂട്ടം കാൎയ്യം സാധകൻ അറിഞ്ഞിരിക്കേണ്ടതാണ് (൮൦)."

മതവാദം:—നിംബാക്കാചാൎയ്യൻെറ മതത്തിൽ ബ്രഹ്മം, ജീവജഡങ്ങളായ ചേതനാചേതനങ്ങളിൽനിന്ന് അത്യന്തം അന്യവും അനന്യവുമാകുന്നു. ഈ ഭിന്നതയുടെയും അഭിന്നതയുടെയും മീതെ ആയിട്ടത്രേ അദ്ദേഹത്തിൻെറ ദൎശനത്തിൻെറ അടിസ്ഥാനം. ജീവജഗത്തുകൾ രണ്ടും ബ്രഹ്മത്തിൻെറ പരിണാമം. ജീവൻ ബ്രഹ്മത്തിൽനിന്ന് തുല്യം ഭിന്നവും അഭിന്നവുമാകുന്നു. ജഗത്തും അപ്രകാരംതന്നെ. ദ്വൈതാദ്വൈതവാദത്തിൻെറ താല്പൎയ്യവും ഇതാകുന്നു. ബ്രഹ്മം ജഗത്തിൻെറ ഉപാദാനകാരണവും നിമിത്തകാരണവും ആകുന്നു. അതുതന്നെ ജഗത്തിൻെറ സ്രഷ്ടാവും ലയകൎത്താവും. അതു് ജഗത്തിന്നതീതമാകുന്നു. ജഗത്തിന്ന് അതീതമെന്നുവരുമ്പോൾ ജഗത്തും ബ്രഹ്മത്തിൽനിന്ന് അന്യമെന്നു വരുന്നു. എന്നാൽ, ജഗത്തു് ബ്രഹ്മത്തിൽ പ്രതിഷ്ഠിതമാകുന്നു. ബ്രഹ്മമല്ലാതെ ഇതിന്ന് വേറെ ഉപാദാനമില്ല. ആകയാൽ ബ്രഹ്മവും ജഗത്തും അഭിന്നമാകുന്നു. ജഗത്തു് ഗുണാത്മകവും ബ്രഹ്മം ഗുണിയുമാകുന്നു. ഗുണിയിൽനിന്ന് ഗുണം (ശക്തി) വേറായി സ്ഥിതിചെയ്യുന്നില്ല. എങ്കിലും ഗുണിയായ വസ്തു ഗുണത്തിന്ന് അതീതവുമാകുന്നു. അതിനാൽ രണ്ടിൻേറയും സംബന്ധം ഭേദാഭേദസംബന്ധമാകുന്നു. ബ്രഹ്മം സഗുണവും നിൎഗ്ഗുണവുമാകുന്നു. സഗുണനിൎഗ്ഗുണമെന്ന ഈരണ്ടുരൂപത്തിലും ആപാതവിരോധംമാത്രം ആകുന്നു. ഇതു് വാക്യവിരോധം മാത്രം. യഥാൎത്ഥവിരോധമല്ല. എന്തെന്നാൽ, ഗുണം, ഗുണി എന്ന രണ്ടിനും ഒരു വിരുദ്ധതയുമില്ല. കാരണം, ഗുണി എന്നു പറയുമ്പോൾ സ്വരൂപതഃ ഗുണാതീതമാണെങ്കിലും ഗുണയുക്തവുമാകുന്നു.

ബ്രഹ്മം, എല്ലാം അറിയുന്ന സ്വഭാവമുള്ളതു്. അതു് ജഡസ്വഭാവമല്ല. ജഗത്തു് ബ്രഹ്മത്തിൽനിന്ന് അഭിന്നം. ബ്രഹ്മം സൎവ്വജ്ഞനായതിനാൽ ജഗത്തിലുള്ള സകല വസ്തുക്കളും നിത്യവും ബ്രഹ്മത്തിൽ അഭിന്നമായിരിക്കുന്നു. അതുകൊണ്ടു് ബ്രഹ്മസ്വരൂപത്തിൽ ഒരു വികാരവും സംഭാവ്യമല്ല. കാലശക്തിയും ബ്രഹ്മസ്വരൂപത്തിൽ വിലയംപ്രാപിക്കുന്നു.

ഗുണമെന്നോ ഗുണിയെന്നോ ഉള്ള യാതൊരു ഭേദവും ബ്രഹ്മസ്വരൂപത്തിലില്ല. ജ്ഞാനം, ജ്ഞാതാ, ജ്ഞേയം എന്നീ ഭേദങ്ങളുമില്ല. ഇതത്രേ ബ്രഹ്മത്തിൻെറ നിർഗ്ഗുണത്വവും നിഷ്ക്രിയത്വവും.

ഇനിയും, ബ്രഹ്മം ജഗത്തിൻെറ സൃഷ്ടിസ്ഥിതിപ്രളയങ്ങൾക്ക് ഏകകാരണമാകുന്നു. അത് സർവ്വശക്തിമാൻ, ബ്രഹ്മത്തിൻെറ ശക്തി, സ്വാഭാവികം, ആ ശക്തിയാൽ ബ്രഹ്മം ജഗത്തിനെ തന്നിൽ അന്യമാക്കി പ്രകാശിപ്പിക്കുന്നു. ഈ ശക്തിയുടെ പ്രഭാവത്താൽ സർവ്വജ്ഞനും പൂർണ്ണസ്വരൂപവുമായ ബ്രഹ്മം സ്വസ്വരൂപത്തിലുള്ള ജഗത്തിനെ വേറായി ദർശിപ്പിക്കുകമാത്രമാകുന്നു ചെയ്യുന്നത്. ഏതൊരു ശക്തിയാൽ ആ ബ്രഹ്മം തന്നെ ഇപ്രകാരം വേറാക്കിക്കാണുന്നു, അതത്രേ ജീവശക്തി. ഇതുകൊണ്ട് ജീവനോടും ബ്രഹ്മത്തിന് ഭേദാഭേദസംബന്ധം കാണപ്പെടുന്നു. ഈ ഭേദാഭേദമത്രേ ദ്വൈതാദ്വൈതമതവാദം.

ജീവൻ ഈശ്വരനിൽനിന്നു ഭിന്നനല്ല. തത്വമസിവാക്യത്താൽ ഇതു പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ജീവന് ഈശ്വരനോട് അഭേദമായ സംബന്ധമുണ്ട്. എങ്കിലും ജീവനും ബ്രഹ്മത്തിനും ഭേദവും ഉണ്ട്. ജീവൻ ബ്രഹ്മത്തിൻെറ അംശവും അല്പജ്ഞനുമാണ്. ബ്രഹ്മം സർവ്വജ്ഞനും സർവ്വശക്തനുമാകുന്നു. ജീവന്നു മുക്താവസ്ഥയിലും സർവ്വശക്തിമത്വമില്ല. ഇതുകൊണ്ട് ജീവനോടും ഈശ്വരന് ഭേദാഭേദസംബന്ധമുണ്ട്. ജീവൻ സ്വരൂപതഃ ബ്രഹ്മത്തിൻെറ അംശമാകുന്നു. മുക്തിയിലും ജീവൻ അംശമായിത്തന്നെ ഇരിക്കുന്നു. എന്തെന്നാൽ ഒരു വസ്തുവിനും സ്വരൂപംകൊണ്ട് ഏകാന്തമായ നാശമുണ്ടാകുന്നില്ല. അതുമൂലം മുക്തജീവനും ജീവനായിട്ടുതന്നെ ഇരിക്കുന്നു. ജീവന് പൂർണ്ണബ്രഹ്മമാകാൻ സാധിക്കയില്ല. അവന് സർവ്വ ശക്തിമത്വമില്ല. ജീവൻ ഈശ്വരനേപ്പോലെ വിഭുവുമല്ല. ജീവൻെറ ജീവത്വം നിത്യമാകുന്നു. ജഗത്തു് ബ്രഹ്മാത്മകം. ഇതിൽ ഭാസ്കരാചാര്യനോടു നിംബാർക്കന സാദൃശ്യമുണ്ട്. ഭാസ്കരൻെറ മതത്തിൽ ജഗത്തു് കാര്യരൂപത്തിൽ വേറാണെങ്കിലും കാരണരൂപത്തിൽ ബ്രഹ്മത്തോട് അഭിന്നമാകുന്നു. നിംബാർക്കൻെറ മതത്തിൽ ജഗത്തു് ബ്രഹ്മത്തിൽ പ്രകാശിക്കുന്നു. ഈ അർത്ഥത്തിൽ അഭേദവും, ദൃശ്യരൂപത്തിൽ ഭേദവുമാകുന്നു.

ജീവൻെറയും ബ്രഹ്മത്തിൻെറയും ഭേദാഭേദങ്ങളേക്കുറിച്ച് ഭാസ്കരനും നിംബാർക്കനും അഭിപ്രായഭേദം ഉണ്ട്. ഭാസ്കരൻെറ മതത്തിൽ ഉപാസനകൊണ്ട് ജീവൻ ബ്രഹ്മഭാവം പ്രാപിക്കുന്നു. ബ്രഹ്മത്തോട് അഭേദം പ്രാപിക്കുന്നു. ദേഹപതനകാലത്തു് ബ്രഹ്മത്തോട് അഭേദം പ്രാപിക്കുകയത്രേ മുക്തി. എന്നാൽ, നിംബാർക്കൻെറ മതത്തിൽ മുക്തജീവനും ബ്രഹ്മത്തോട് സമ്പൂർണ്ണമായ ഐക്യം പ്രാപിക്കുന്നില്ല. ജീവൻെറ ജീവത്വം

ഇരിക്കുകതന്നെ ചെയ്യും. മുക്തജീവനും അംശം മാത്രം, വിഭുവല്ല. ഇവിടെ രണ്ട് ആചാൎയ്യന്മാരുടെയും വ്യത്യാസം സ്പഷ്ടമാകുന്നു.

ബ്രഹ്മം സഗുണവും നിൎഗ്ഗുണവുമെന്ന സിദ്ധാന്തം ശാങ്കരസിദ്ധാന്തത്തിന് അനുരൂപമായിത്തോന്നും. എന്നാൽ, നിംബാൎക്കന്റെ ഈ സിദ്ധാന്തം ശാങ്കരസിദ്ധാന്തത്തിന് അനുരൂപമല്ല. ശാങ്കരമതത്തിൽ സഗുണരൂപം മായികമാകുന്നു, മിഥ്യയാകുന്നു. എന്നാൽ നിംബാൎക്കമതത്തിൽ സഗുണനിൎഗ്ഗുണഭാവങ്ങൾ രണ്ടും പരമാൎത്ഥമാകുന്നു,

# ഭക്തിരഹസ്യം.

## അദ്ധ്യായം ൨.

### ഭക്തിയുടെ ആദ്യത്തെ പടികൾ.

പാശ്ചാത്യരും പൌരസ്ത്യരും തമ്മിലുള്ള ഭേദത്തിന്റെ ചുവട്;
ദേഹവാദവും ആത്മവാദവും.

ഭക്തിശാസ്ത്രപ്രണേതാക്കളായ ആചാൎയ്യന്മാർ "ഈശ്വരനിലുള്ള പരമാനുരാഗം" ഭക്തി എന്നു ലക്ഷണം പറഞ്ഞിരിക്കുന്നു. മനുഷ്യന് ഈശ്വരങ്കൽ അനുരാഗമുണ്ടായിരിക്കുന്നത് എന്തിന് എന്നുള്ള ചോദ്യത്തിന് ഇവിടെ സമാധാനം വേണം; അതു ലഭിക്കുന്നതുവരെ ഈ വിഷയത്തെപ്പററി യാതൊന്നുംതന്നെ ഗ്രഹിക്കുവാൻ നമുക്ക് കഴിയുകയില്ല. ഈ ലോകത്തിൽ ജീവിതത്തിനു അത്യന്തം വിഭിന്നങ്ങളായ രണ്ട് ആദൎശങ്ങളുണ്ട്. ഏതു ദേശക്കാരനായാലും വേണ്ടതില്ല, ഏതെങ്കിലും ഒരു മതത്തിൽ വിശ്വസിക്കുന്ന ഒരാൾക്ക്, താൻ ദേഹമാണ് അതുപോലെ ദേഹിയുമാണ് എന്നുള്ള അറിവുണ്ട്. എങ്കിലും ദേശഭേദമനുസരിച്ച് ജീവിതത്തിന്റെ ലക്ഷ്യത്തിൽ അന്തരം കാണുന്നു. സാമാന്യരീതിയിൽ നോക്കുമ്പോൾ, പാശ്ചാത്യർ ശരീരത്തെപ്പററി അധികം ഗൌനിക്കുന്നെന്നു കാണാം. ഭാരതത്തിലെ ഭക്ത്യാചാൎയ്യന്മാർ ഉലോം ശ്രദ്ധപതിപ്പിച്ചിരുന്നത് ആദ്ധ്യാത്മികഭാഗത്ത് ആണ്. പൌരസ്ത്യസമുദായങ്ങളും പാശ്ചാത്യസമുദായങ്ങളും തമ്മിലുള്ള സൎവ്വവിധമായ അന്തൎയ്യത്തിനും ഇതുതന്നെയാണ് ചുവട് എന്നു തോന്നുന്നു. ഇംഗ്ലണ്ടിൽ മരണത്തെപ്പററി സംസാരിക്കുന്നയവസരത്തിൽ ജീവനെ വെടിഞ്ഞു. (gave up the ghost) എന്നാണ് പറയുക; ഒരാൾ ദേഹം വെടിഞ്ഞുവെന്നാണ് ഭാരതവൎഷത്തിൽ പറയുന്നതു്. മനുഷ്യൻശരീരമാണ് മനുഷ്യന് ആത്മാവുണ്ട് എന്നാണ് പാശ്ചാത്യ

രുടെ ആശയം. പൌരസ്ത്യരുടെ മതമാകട്ടെ മനുഷ്യൻ ആത്മാവാണ് മനുഷ്യന് ശരീരമുണ്ട് എന്നാണ്. ഈ വ്യത്യാസത്തിൽനിന്നും പല കുഴപ്പമുള്ള ചോദ്യങ്ങളും ഉത്ഭവിക്കുന്നു. മനുഷ്യൻ ശരീരമാണെന്നും അവന് ആത്മാവുണ്ടെന്നും വാദിക്കുന്നവരുടെ ആദശപ്രകാരം സകലപ്രാധാന്യവും ശരീരത്തിനാണെന്നു വന്നുചേരുന്നു. മനുഷ്യൻ ജീവിക്കുന്നതിന്റെ ഉദ്ദേശമെന്ത് എന്നു ചോദിച്ചാൽ അവരിൽനിന്നും കിട്ടുന്ന ഉത്തരം ഭോഗ്യവസ്തുക്കൾ, സമ്പത്ത്, പണം ഇവയിൽനിന്നും ആനന്ദം അനുഭവിക്കുന്നതിനാണ് എന്നായിരിക്കും. ഇതിലും ഉപരിയായിട്ടൊന്നും സ്വപ്നം കാണാൻ പോലും അവക്കു സാധിക്കുകയില്ല. അവരുടെ പാരത്രികജീവിതത്തെപ്പററിയുള്ള ധാരണയും ഈ സുഖാനുഭവത്തിന്റെ തുടച്ചതന്നെയാണ്. എല്ലാനാളും ഇവിടെ അപ്രകാരം തുടന്നുകൊണ്ടിരിക്കുകയില്ലല്ലോ എന്ന് അവർ ഖേദിക്കുന്നു. ഈ ലോകത്തോടു യാത്രപറയാതെ നിവത്തിയില്ല. എങ്കിലും മനോഗതം, ഇവയെല്ലാം പുതുതായി കിട്ടുന്ന ഒരു സ്ഥലത്തു ചെന്നുചേരുമെന്നാണ്. ഇതേ ഭോഗ്യവസ്തുക്കളും ഇന്ദ്രിയങ്ങളും തന്നെ അവിടെയുമുണ്ടായിരിക്കണം. കുറേക്കൂടി മികച്ചതും തീവ്രവുമായിരിക്കണമെന്നുള്ള ഭേദമേയുള്ളു; ഇവയെല്ലാം സാധിക്കുന്നതിനുള്ള സാധനം ഈശ്വരനാണ്. അതുകൊണ്ടു അവക്കു ഈശ്വരനെ പൂജിക്കണം. ജീവിതോദ്ദേശം ഭോഗം: ഏറെനാൾ ഈ ഭോഗങ്ങൾ അനുഭവത്തിനു തരുവാൻ ശക്തിയുള്ളപുരുഷനാണ് ഈശ്വരൻ; അതുകൊണ്ടു അവർ ഈശ്വരനെ ഉപാസിക്കുന്നു.

മറുഭാഗത്ത് ഭാരതീയാദശം നോക്കുക; ഇതനുസരിച്ച് ഈശ്വരൻ തന്നെയാണ് ജീവിതലക്ഷ്യം. ഈശ്വരന മീതെ യാതൊന്നുമില്ല. ഇന്ദ്രിയവിഷയങ്ങളെല്ലാം, അവയെക്കാൾ മേന്മയുള്ള വസ്തുക്കളെ ലഭിക്കണം എന്നു പ്രതീക്ഷിക്കുന്ന നമുക്ക് ഇപ്പോൾ അനുഭവത്തിലുള്ള ചില നിസ്സാരസംഗതികൾ മാത്രമാണ്. എന്നു മാത്രമല്ല വിഷയഭോഗമല്ലാതെ മനുഷ്യനു മറെറാന്നുമില്ലായിരുന്നുവെങ്കിൽ അതു ഭയങ്കരവും ഗ്രഹപ്പിഴാജനകവുമായിരിക്കും. ഒരുവന്റെ വിഷയസേവ എത്ര കുറവോ അവന്റെ ജീവിതത്തിന്റെ ഉന്നതി അത്രയുമധികമാണ് എന്ന വസ്തുത നാം ജീവിതത്തിൽ നാൾതോറും കാണുന്നുണ്ടു്. പട്ടി തീററികഴിക്കുന്നതു നോക്കുക; അതുപോലെ തൃപ്തിയായി ഒരു മനുഷ്യനും ഭക്ഷിക്കുകയില്ല. അതുപോലെതന്നെ സൂകരവും; തീററികഴിക്കുമ്പോൾ തൃപ്തിസൂചകമായി അമറുന്നു. അതാണ് അതിന് സ്വഗ്ഗം. അപ്പോൾ ദേവേന്ദ്രൻ കാണാൻ വന്നാലും അതു വകവെയ്ക്കുകയില്ല. അതിന്റെ സമ്പൂണ്ണമായ അസ്തിത്വവും തീററിയിലാണ്. ആ മാതിരിയിൽ തീററികഴിക്കാവുന്ന ഒരൊററ മനുഷ്യനും ജനിച്ചിട്ടില്ല. താഴ്ന്ന ജന്തുക്കളുടെ കാഴ്ച ശക്തിയും കേൾക്കാനുള്ള ശക്തിയും, അതുപോലെ മററിന്ദ്രിയങ്ങളുടെയും ശക്തിയും വളരെ പരിപുഷ്ടമാണ്. അവ

യുടെ ഇന്ദ്രിയസുഖം അങ്ങെ അററത്തേതാണ്. ഇമ്പവും സന്തുഷ്ടിയും കൊണ്ട് ഭ്രാന്തുപിടിക്കുന്നു.

അതുപോലെ മനുഷ്യനും എത്രയും താഴ്ന്നപടിയിൽ നിൽക്കുന്നുവോ അത്രയും ഇന്ദ്രിയഭോഗത്തിൽ സുഖിക്കുന്നു. ഉന്നതി ലഭിക്കുംതോറും യുക്തിവിചാരവും പ്രേമവും അവൻെറ ലക്ഷ്യമായിത്തീരുന്നു. വിചാരശക്തിയും പ്രേമവും വളരുന്നതോതിൽ വിഷയഭോഗത്തിനുള്ള ശക്തി ക്ഷയിച്ചുവരുന്നു. അത് ഉദാഹരണംകൊണ്ട് തെളിയിക്കാം. മനുഷ്യന് പരിമിതമായ ചില ശക്തികഠം സ്വായത്തമായിട്ടുണ്ടെന്നു സ്വീകരിക്കാം. ഇവയെ ശരീരത്തിനൊ മനസ്സിനോ ആത്മാവിനോ വേണ്ടി ചിലവാക്കാം. ഏതെങ്കിലും ഒന്നിൽ ആശക്തികളെ എല്ലാം ചിലവാക്കിയാൽ മററ രണ്ടിലും വിനിയോഗിക്കുവാൻ അത്രയും കുറയുമെന്നുള്ളതു് സ്പഷ്ടമാണല്ലൊ. പരിഷ്കൃതവൎഗ്ഗക്കാരുടെ ഇന്ദ്രിയങ്ങഠംക്ക് ഉള്ളതിലധികം തീക്ഷ്ണത കാട്ടുജാതിക്കാരുടെ ഇന്ദ്രിയങ്ങഠംക്ക് ഉണ്ട്. വാസ്തവത്തിൽ ഇതുവഴിയായി ചരിത്രം നമ്മെ പഠിപ്പിക്കുന്നതിതാണ്; ഒരു അപരിഷ്കൃതജാതിക്കു പരിഷ്കാരം സിദ്ധിക്കുന്നതോടുകൂടി അവരുടെ സ്നായുബന്ധങ്ങഠം നേൎത്തുവരുകയും ശരീരം ദുർബ്ബലപ്പെടുകയും ചെയ്യുന്നു. ഒരു കാട്ടുജാതിക്കാർ പരിഷ്കൃതന്മാരായിത്തീൎന്നാലുടൻ മറെറാരു അപരിഷ്കൃതവൎഗ്ഗംവന്ന് അവരെ കീഴടക്കും. വേറെ ഒരു വൎഗ്ഗത്തെ കീഴടക്കുന്ന വൎഗ്ഗം മിക്കവാറും ബർബ്ബരന്മാർതന്നെയാണ്. സൎവ്വകാലവും ഇന്ദ്രിയഭോഗം മാത്രം മതിയെന്നു തൃപ്തിയടഞ്ഞിരിക്കുന്നതായാൽ നാം മൃഗപ്രായന്മാരായി താഴ്ന്നുപോകുന്നു. ഇന്ദ്രിയസുഖങ്ങഠം മുഴുത്ത ഒരു സ്ഥാനത്ത് എത്തണമെന്നാവശ്യപ്പെടുന്ന ഒരു മനുഷ്യൻ പരമാൎത്ഥത്തിൽ താൻ ആഗ്രഹിക്കുന്നതിൻെറ സ്വരൂപം മനസ്സിലാക്കുന്നില്ല. ആ സ്ഥിതി മൃഗജന്മത്തിൽ മാത്രമെ ലഭിക്കയുള്ളു.

ഇന്ദ്രിയസുഖങ്ങഠം നിറഞ്ഞ ഒരു സ്വൎഗ്ഗം വാഞ്ഛിക്കുന്ന മനുഷ്യരുടെയും കഥ അപ്രകാരം തന്നെ. ഇന്ദ്രിയപങ്കത്തിൽ കളിച്ചുപുളയ്ക്കുന്ന സൂകരതുല്യന്മാരായ ഇവൎക്ക് അതിന്നതീതമായി എന്താണുള്ളതു് എന്നു കാണാൻ ശക്തിയില്ല. അവൎക്കുവേണ്ടതു് ഇന്ദ്രിയസുഖഭോഗമാണ് അതു നഷ്ടപ്പെട്ടാൽ അവരുടെ സ്വൎഗ്ഗവും പോയി. ഭക്തൻ എന്ന ശബ്ദത്തിൻെറ ഏററവും ഉയൎന്ന അൎത്ഥം സ്വീകരിച്ചാൽ ആ അൎത്ഥത്തിൽ ഭക്തന്മാരായിത്തീരുന്നതിന് ഇവൎക്ക് ഒരിക്കലും സാധ്യമല്ല. യഥാൎത്ഥത്തിലുള്ള ഈശ്വരാനുരാഗികളായിത്തീരുവാനും ഇവൎക്ക് കഴിയുന്നതല്ല. താഴ്ന്ന തരത്തിലുള്ള ഈ ആദൎശം കുറച്ചുകാലം അനുകരിച്ചാൽ കാലക്രമത്തിൽ തനിയെ അതു ഭേദപ്പെടും. തൻെറ അറിവിൽപ്പെടാതിരുന്നതും കുറേക്കൂടി മേന്മയുള്ളതുമായ ഏതോ ഒരു വസ്തുവുണ്ട് എന്ന് ഓരോരുത്തൎക്കും അറിവുണ്ടാകും; തൽഫലമായി ഈ ജീവിതത്തോടുള്ള പററും വിഷയാസക്തിയും

ക്രമേണ നശിക്കുന്നു. ഒരു സ്കൂൾകുട്ടിയായിരുന്നകാലത്തു് കുറച്ചു് മധുരപലഹാരങ്ങൾക്കുവേണ്ടി ഞാൻ ഒരു കൂട്ടുകാരനുമായി ഒരു ശണ്ഠക്കൂടി. എന്നെക്കാൾ കരുത്തുണ്ടായിരുന്നതുകൊണ്ടു് അയാൾ അതു് എന്റെ കൈയിൽ നിന്നും തട്ടിപ്പറിച്ചെടുത്തു. ആ സമയം എന്റെ മനസ്സിൽ തോന്നിയതു് ഇപ്പോൾ ഓർമ്മയിലുണ്ടു്. ʻഇവനെപ്പോലെ ഒരധികപ്രസംഗി ജനിച്ചിട്ടില്ല, വളൎന്നു കരുത്തനായാലുടൻ ഞാൻ അവന്നു് തക്ക ശിക്ഷകൊടുക്കും. എന്തുതന്നെയായാലും ഇവന്റെ അധികപ്രസംഗത്തിനു തക്കതായ ശിക്ഷയില്ല' എന്നെല്ലാം ഞാൻ വിചാരിച്ചിരുന്നു. ഇപ്പോൾ ഞങ്ങൾക്കു് രണ്ടുപേൎക്കും പ്രായംതികഞ്ഞു; വലിയ സ്നേഹിതന്മാരുമാണു്. അന്നം, പാനം, പലഹാരം ഇവതന്നെ സൎവ്വസ്വം എന്നു വിചാരിക്കുന്ന ബാലിശന്മാരാണു് ലോകം നിറകെയുള്ളതു്. അവർ സ്വപ്നം കാണുന്നതു് ഇതുമാതിരി പലഹാരങ്ങൾതന്നെ. അവ നിറഞ്ഞ ഒരു സ്ഥലംതന്നെ പാരത്രികജീവിതം കഴിക്കുന്നതിനുള്ള സ്ഥാനം എന്നാണു് അവരുടെ ധാരണ. അമേരിക്കൻ ഇൻഡ്യാക്കാർ മരിച്ചാൽ പിന്നെ തങ്ങളുടെ ജീവിതം ഒരൊന്നാംതരം വേട്ടനിലത്തിലാണെന്നാണു് വിശ്വസിക്കുന്നതു്. നമ്മൾ ഓരോരുത്തരുടെയും സ്വൎഗ്ഗത്തെപ്പററിയുള്ള ധാരണ അവരവർ ആഗ്രഹിക്കുന്നതനുസരിച്ചാകുന്നു; എങ്കിലും പ്രായംചെല്ലുകയും ഉയൎന്ന സംഗതികൾ പ്രത്യക്ഷമാകുകയും ചെയ്യുംതോറും അതീതസംഗതികളുടെ വിളക്കം ഉള്ളിലുണ്ടാകുന്നു. എന്നാൽ ഇക്കാലത്തു് സാധാരണ ചെയ്യാറുള്ളതുപോലെ മരണാനന്തരസ്ഥിതിയെപ്പററി യാതൊരു വിശ്വാസവുമില്ലാതെയുള്ള ധാരണകളോടുകൂടി നമ്മളും ഇരിക്കുവാൻ പാടില്ല. അതു് സൎവ്വനാശമാണു്. ഇപ്രകാരം സകലതും നശിപ്പിക്കുന്ന നാസ്തികൻ തെററുകാരനാണു്. അതിലും ഉയൎന്ന സംഗതികൾ ഭക്തൻ കാണുന്നു. നാസ്തികന്നു് സ്വൎഗ്ഗത്തുപോകേണ്ടാ, എന്തെന്നാൽ അയാൾക്കു് സ്വൎഗ്ഗമില്ല. ഭക്തനും സ്വൎഗ്ഗത്തു് പോകണമെന്നു് ആശയില്ല: പക്ഷെ അതിനു കാരണം സ്വൎഗ്ഗം കുട്ടികളുടെ കളിമാത്രമാണു് എന്നുള്ള അയാളുടെ ബോധമാണു്. അയാൾക്കു് പ്രാപ്യനായിട്ടുള്ളതു് ഈശ്വരനാണു്. ഈശ്വരനെക്കാൾ ഉയൎന്നതായി ഒരു ലക്ഷ്യമുണ്ടായിരിക്കുവാൻ കഴിയുമോ? ഈശ്വരൻതന്നെയാണു് മനുഷ്യന്റെ പരമലക്ഷ്യം; അവിടുത്തെ സാക്ഷാൽക്കാരം ലഭിക്കുക: ഈശ്വരനിൽ രമിക്കുക. ഇതിലും മീതെയായി യാതൊന്നും ഒരിക്കലും ഉള്ളിൽ കല്പിക്കുവാൻകൂടി നമുക്കു് കഴിയുകയില്ല. ഈശ്വരൻ പരിപൂൎണ്ണനാണു്. പ്രേമത്തെക്കാൾ ശ്രേഷ്ഠമായി രമിക്കാനുള്ള ഒരു വസ്തുവിനെയും നിരൂപിക്കുവാൻ നമുക്കു് സാധ്യമല്ല. എന്നാൽ, ʻപ്രേമം' എന്ന വാക്കിനു പല അൎത്ഥങ്ങളുണ്ടു്. സ്വാൎത്ഥപരമായ സാധാരണ ലൌകികാൎത്ഥമല്ല അതിനു കൊടുക്കേണ്ടതു്. പ്രേമം എന്നു് അതിനെ വിളിക്കുന്നതു് ഈശ്വരനിന്ദയാണു്. പുത്രകളത്രാദികളോടുള്ള പ്രേമം ജന്തുസാമാന്യമായ ഒരു സ്നേഹമെന്നേയുള്ളൂ.

നിസ്സ്വാർത്ഥത തികഞ്ഞ സ്നേഹം ഏതോ അതുമാത്രമാണ് പ്രേമം. അതു സ്നേഹസ്വരൂപിയായ ഈശ്വരൻതന്നെയാണ്. അതു് കൈവരുന്നതിനു് വളരെ പണിയാണ്. അപത്യസ്നേഹം, പിതൃസ്നേഹം, മാതൃസ്നേഹം ഇത്യാദികളിൽക്കൂടിയെല്ലാം നാം കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. നാം സാവകാശത്തിൽ പ്രേമവൃത്തിയെ അനുശീലിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും നമ്മളിൽ ഏറിയഭാഗം ആളുകളും അതിൽനിന്നും യാതൊന്നും പഠിക്കുന്നില്ല. നാം ഒരു പടിയിൽ അല്ലെങ്കിൽ ഒരാളോടു സ്ഥിരമായി ബന്ധിച്ചുപോകുന്നു. ചുരുക്കം ചിലരുടെ കഥ നോക്കിയാൽ ഈ കെട്ടുകളെ പൊട്ടിച്ചു പുറത്തു വന്നിട്ടുള്ളതായും കാണാം. ഈ ലോകത്തിൽ ജനങ്ങൾ കാമിനീകാഞ്ചനം, പേര്, പെരുമ ഇതിന്റെയെല്ലാം പുറകെ ഓടുകയാണ്. ചിലപ്പോൾ കണക്കിനു തട്ടുകിട്ടും; അപ്പോൾ ഈ ലോകത്തിന്റെ യഥാർത്ഥതയും മനസ്സിലാക്കും. ഈ ലോകത്തിൽ ഒരുവനും ഈശ്വരനെയല്ലാതെ മറെറാന്നിനെയും യഥാർത്ഥമായി സ്നേഹിക്കുവാൻ കഴിയുന്നതല്ല. മനുഷ്യരുടെ സ്നേഹമൊക്കെ വെറും പൊള്ളയാണെന്നു് ആളുകൾ കണ്ടുപിടിക്കുന്നു. സ്നേഹത്തെപ്പററി പ്രസംഗിക്കുമെങ്കിലും സ്നേഹിക്കുവാൻ ആളുകൾക്കു് കഴിവില്ല. ഭർത്താവിനെ സ്നേഹിക്കുന്നുവെന്നുപറഞ്ഞു് ഭാര്യ ചുംബനംചെയ്യുന്നു. ഭർത്താവിന്റെ പ്രാണൻ ശരീരംവിട്ടാൽ ആദ്യത്തെ ആലോചന സമ്പാദ്യത്തെപ്പററിയും അടുത്ത ദിവസം മുതൽ താൻ എന്താണ് പ്രവർത്തിക്കേണ്ടതു് എന്നുമാണ്. ഭർത്താവിനു് ഭാര്യയെയും സ്നേഹമാണ്; അവൾക്കു രോഗംപിടിച്ചു, സൌന്ദര്യം പോയി, വിരൂപയായി, അല്ലെങ്കിൽ എന്തെങ്കിലും തെററുചെയ്തുപോയി എന്നുവന്നാൽ അയാളുടെ രക്ഷയും നോട്ടവും അതോടെ നിലച്ചു. ഇങ്ങിനെ ലൌകികമായ പ്രേമമെല്ലാം കപടവും അന്തഃസാരശൂന്യവുമാണ്.

---

## *ഭവിഷ്യദ്ധർമ്മം.

(ശ്രീമദ്വിവേകാനന്ദസ്വാമികൾ ഒരു ഇംഗ്ലീഷുകാരനു് എഴുതിയ കത്തു്)

ന്യൂയാർക്ക്,
൧൮൯൫ ആഗസ്റ്റ് ൯-ാംനു-

......എന്റെ അഭിപ്രായങ്ങളെപ്പററി സ്വല്പം നിങ്ങളെ അറിയിക്കാൻ ശ്രമിക്കേണ്ടതു് യുക്തംതന്നെ ആണല്ലോ. മനുഷ്യസമുദായത്തിൽ ധർമ്മത്തിനു കാലികങ്ങളായ ഉദ്ഗമങ്ങൾ അഥവാ ഉയർച്ചകൾ (Ferments)

---

* From Message of the East. April 1930.

ഉണ്ടാകുന്നു എന്നും അങ്ങിനെയുള്ള ഒരു കാലം ഇപ്പോൾ പണ്ഡിതലോകത്തെ ആക്രമിച്ചുകൊണ്ടിരിക്കുന്നു എന്നും ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു. മാത്രമല്ല, ഓരോ ഉയൎച്ചയും വ്യത്യസ്തങ്ങളായ ചെറിയ കുമളകളായി പിരിഞ്ഞു കാണപ്പെടുന്നു എങ്കിലും അവസാനഫലത്തിൽ അവയെല്ലാം സമാനങ്ങൾതന്നെ. ഇതു്, അവസ്ഥ പുറകിലുള്ള കാരണമൊ കാരണങ്ങളൊ ഒന്നുതന്നെ എന്നു കാണിക്കുന്നു. ഇക്കാലത്തു് ചിന്തകന്മാരുടെമേൽ ദിനംപ്രതി ബൃഹത്തരമായ പിടി ലഭിച്ചുകൊണ്ടിരിക്കുന്ന ആ ധൎമ്മോദ്ഗമത്തിനു് ഈ വിശേഷതയുണ്ടു്. അതു് അനേകം ചെറിയ ചിന്താവൎത്തങ്ങളായി പിരിയുകയും അവയെല്ലാം സത്തയുടെ ഏകത്വദൎശനവും അതിലേയ്ക്കുള്ള അനുസന്ധാനവും ആകുന്ന ഒരു ഒററ ഉദ്ദേശ്യത്തെ പ്രഖ്യാപനംചെയ്യുകയും ചെയ്യുന്നു. പ്രാകൃതികവും സാന്മാൎഗ്ഗികവും ആത്മീയവും ആയതലങ്ങളിൽ നിത്യമായ ഏകത്വത്തിൻെറ വിഭാവനത്തിലേയ്ക്കു നയിക്കുന്നതും ഉത്തരോത്തരം വിശാലമായിക്കൊണ്ടിരിക്കുന്നതുമായ സാമാന്യാനുദൎശനം എല്ലാടവും വ്യാപിച്ചിരിക്കുന്നു. ഈ കാരണത്താൽ ഏതൽകാലത്തെ എല്ലാ പ്രസ്ഥാനങ്ങളും, അറിഞ്ഞൊ അറിയാതേയൊ, മനുഷ്യനു ലഭിച്ചിട്ടുള്ളതിൽവച്ചു് ഏററവും ശ്രേഷ്ഠദൎശനമായ അദ്വൈതവേദാന്തത്തെ ലക്ഷീകരിക്കുന്നതായി വിചാരിക്കാം.

ഇനിയും, ഒരു നിൎദ്ദിഷ്ടകാലത്തിലെ വിവിധങ്ങളായ വിചാരശകലങ്ങളുടെ സംഗ്രാമഫലമായി ഒരു കുമള അവശേഷിക്കുന്നു. ബാക്കിയുള്ളവയുടെ ഉത്ഭവം അതിൽ ലയിച്ചു അതിനെ ഒരു മഹത്തരംഗമാക്കിത്തീക്കുന്നതിനുമാത്രം വേണ്ടിയാണു്. ആ തരംഗം, സമുദായത്തിൽ അപ്രതിഹതശക്തിയോടെ അടിച്ചുകയറുന്നു.

എനിക്കു് അറിയാൻ ഇടയായിട്ടുള്ള ഇൻഡ്യയിലും അമേരിക്കയിലും, ഇംഗ്ലണ്ടിലും, ഇവയിൽ അനേകശതം ഇക്കാലത്തു് മത്സരിച്ചുകൊണ്ടിരിക്കുന്നു. ഇൻഡ്യയിൽ ദ്വൈതസമ്പ്രദായങ്ങൾ ക്ഷീണിക്കാൻ തുടങ്ങിയിരിക്കുന്നു. അദ്വൈതികൾ മാത്രമെ രണക്ഷേത്രത്തിൽ വിജയികളായി വൎത്തിക്കുന്നുള്ളു. അമ്മേരിക്കയിൽ അനേകം പ്രസ്ഥാനങ്ങൾ ആധിപത്യത്തിന്നായി മത്സരിക്കുന്നുണ്ടു്. ഇവയെല്ലാം അദ്വൈതവിചാരത്തെ ഏറക്കുറെ പ്രത്യക്ഷപ്പെടുത്തുന്നു. ആ കൂട്ടത്തിൽ അധികം ശീഘ്രഗതിയിൽ പ്രചാരപ്പെട്ടുകൊണ്ടിരിക്കുന്നവയ്ക്കു മററുള്ളവയേക്കാൾ അദ്വൈതത്തിനോടു കൂടുതൽ അടുപ്പമുണ്ടു്. ഇപ്പോൾ എനിക്കു എന്തെങ്കിലും സ്പഷ്ടമായിരിക്കുന്നു എങ്കിൽ അതു്, ഇവയിൽ ഒന്നു് ബാക്കിയുള്ളവയെ എല്ലാം ഗ്രസിച്ചുംകൊണ്ടു് ഭാവിയിലെ ശക്തിയായി ശേഷിക്കണം എന്നുള്ളതാണു്. അതു് ഏതായിരിക്കാം?

ചരിത്രം നോക്കുമ്പോൾ, യോഗ്യതയുള്ള ശകലം ഏതൊ അതുമാത്രമെ ശേഷിക്കയുള്ളു എന്നു് നാം കാണുന്നു. ചാരിത്രമല്ലാതെ മറെറന്താണു്

അവശേഷിക്കുന്നതിന് യോഗ്യമാക്കുന്നതു്. വിചാരശീലന്മാരായ മനുഷ്യരുടെ ഭാവിധൎമ്മം അദ്വൈതമായിരിക്കും. അതിനു സംശയമില്ല. എല്ലാ സമ്പ്രദായങ്ങളിലുംവച്ചു് ഏതു കൂട്ടക്കാർ തങ്ങളുടെ ജീവിതത്തിൽ കൂടുതൽ ചാരിത്രം പ്രദൎശിപ്പിക്കാൻ ശക്തന്മാരൊ—അതു എത്രയായാലും വേണ്ടതില്ല—അവർതന്നെ വിജയികളായി ഭവിക്കും.

എന്റെ സ്വന്തം ഒരു ചെറിയ അനുഭവം ഞാൻ നിങ്ങളോടു പറയാം? എന്റെ ഗുരുദേവൻ ദേഹത്യാഗംചെയ്യുമ്പോൾ ഞങ്ങൾ ഒരു ഡസൺ ദരിദ്രന്മാരും അജ്ഞാതന്മാരും ആയ യുവാക്കന്മാർ ഉണ്ടായിരുന്നു. ഞങ്ങൾക്കെതിരായി ഒരു നൂറു ശക്തിയുള്ള സംഘങ്ങൾ മുളയിൽവച്ചുതന്നെ ഞങ്ങളെ നുള്ളിക്കളയുന്നതിനായി കഠിനപരിശ്രമംചെയ്തുകൊണ്ടിരുന്നു. എന്നാൽ രാമകൃഷ്ണൻ ഞങ്ങൾക്കു പറയുന്നതിനു മാത്രമല്ല, അതുപോലെ ജീവിതം നയിക്കുന്നതിനുള്ള ആഗ്രഹവും ആജീവനാന്തശ്രമവും ആകുന്ന ഒരു വലിയ ശക്തി പ്രദാനംചെയ്തിട്ടുണ്ടായിരുന്നു. ഇന്നു് ഭാരതം മുഴുവനും ഗുരുദേവനെ അറിയുകയും ബഹുമാനിക്കയും ചെയ്യുന്നു. അദ്ദേഹത്താൽ ഉപദിഷ്ടമായ തത്വങ്ങൾ കാട്ടുതീപോലെ പടൎന്നുകൊണ്ടിരിക്കുന്നു. പത്തുവൎഷത്തിനുമുൻപു് അദ്ദേഹത്തിന്റെ ജന്മോത്സവം ആഘോഷിക്കുന്നതിന് ഒരു നൂറുപേരെ കിട്ടുന്നതിന്നു എനിക്കു് സാധിച്ചില്ല. കഴിഞ്ഞവൎഷം അമ്പതിനായിരംപേർ ഉണ്ടായിരുന്നു.

എണ്ണമൊ സിദ്ധിയൊ, ധനമൊ വാഗ്മിത്വമൊ മറ്റേതെങ്കിലുമൊ ജയിക്കയില്ല. എന്നാൽ പവിത്രത, ജീവിതം,—ഒരു വാക്കിൽ, അനുഭൂതി, സാക്ഷാൽക്കാരം, ഇതുമാത്രം. തങ്ങളുടെ സ്വന്തം ബന്ധങ്ങളെ ഛേദിച്ചിട്ടുള്ളവരും, അഖണ്ഡത്തെ സ്പൎശിച്ചിട്ടുള്ളവരും, തങ്ങളുടെ ഹൃദയം മുഴുവനും ബ്രഹ്മത്തിൽ ഗമിച്ചിട്ടുള്ളവരും, ധനത്തേയൊ, ശക്തിയേയൊ കീൎത്തിയേയൊ വകവയ്ക്കാത്തവരും ആയ പുരുഷകേസരികൾ ഒരു ഡസൺ വീതം ഓരോ രാജ്യത്തും ഉണ്ടാകട്ടെ. ലോകത്തെ ഇളക്കുന്നതിന് ഇവർ മതി.

ഇതാണ് രഹസ്യം. യോഗശാസ്ത്രപിതാവായ പതഞ്ജലിമഹൎഷി പറയുന്നു. "ഒരാൾ അമാനുഷങ്ങളായ സകല സിദ്ധികളേയും ഉപേക്ഷിക്കുമ്പോൾ ആ ആൾക്കു് ധൎമ്മമേഘസിദ്ധി ഉണ്ടാകുന്നു." * അദ്ദേഹം ഈശ്വരനെ ദൎശിക്കുന്നു. അദ്ദേഹം ഈശ്വരൻ ആയിത്തീരുന്നു. മററുള്ളവരേയും അങ്ങിനെആയിത്തീരാൻ സഹായിക്കുന്നു. എനിക്കു ഉപദേശിപ്പാനുള്ളതെല്ലാം ഇതാണ്. മതസിദ്ധാന്തങ്ങൾ വേണ്ടുവോളം വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ടു്, ലക്ഷക്കണക്കായി പുസ്തകങ്ങൾ ഉണ്ടു്. ഒരു ലേശം അനുഷ്ഠാനത്തിനായി, ഓ! എത്ര ആഗ്രഹിക്കുന്നു.

* പ്രസംഖ്യാനേഽപ്യകുസീദസ്യ സൎവ്വഥാ വിവേക
ഖ്യാതേൎധൎമ്മമേഘഃ സമാധിഃ (പാതഞ്ജലിസൂത്രം—൪—൨൯)

സമാജങ്ങളുടേയും സംഘങ്ങളുടേയും കാര്യത്തിൽ, ഇവ താനെ വന്നുകൊള്ളും. അസൂയപ്പെടുന്നതിന് യാതൊന്നുമില്ലാത്തിടത്തു അസൂയ എങ്ങിനെ ഉണ്ടാകും? നമ്മെ ദ്രോഹിക്കുന്നതിന് ആഗ്രഹിക്കുന്നവരുടെ പേരുകൾ അസംഖ്യമുണ്ടായിരിക്കാം. എന്നാൽ അതു നമ്മളിൽ സത്യമുണ്ടെന്നുള്ളതിന് നിശ്ചയമായ ലക്ഷണമല്ലയോ? എത്രത്തോളം ഞാൻ എതിർക്കപ്പെട്ടിട്ടുണ്ടോ അത്രത്തോളം എൻെറ ശക്തിയും എപ്പോഴും പ്രകാശിച്ചിട്ടുണ്ട്. ഒരു പിടി ചോറുപോലും തരാതെ എന്നെ ഓടിച്ചിട്ടുണ്ട്; രാജാക്കന്മാർ മൃഷ്ടാന്നഭോജനം നൽകി എന്നെ ആരാധിച്ചിട്ടുണ്ട്. പുരോഹിതന്മാരും സാധാരണ ജനങ്ങളും എന്നെ അധിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ അതുകൊണ്ടെന്ത്? അവരെല്ലാവരേയും അനുഗ്രഹിക്കുക. അവർ എൻെറ ആത്മാവുതന്നെയാണ്. എൻെറ ശക്തി മേല്പോട്ടു മേല്പോട്ടു കുതിക്കുന്നതിനുള്ള ഒരു സ്പ്രിംഗ് ബോർഡായി അവർ എന്നെ സഹായിച്ചിട്ടുമില്ലയോ?

......ഞാൻ ഒരു വലിയ രഹസ്യം കണ്ടുപിടിച്ചിട്ടുണ്ട്. ധർമ്മത്തെപ്പററി പ്രസംഗം മാത്രം ചെയ്യുന്നവരിൽനിന്നു എനിക്കു ഒന്നും ഭയപ്പെടാനില്ല. സാക്ഷാൽക്കാരംലഭിച്ച മഹത്തുക്കളാകട്ടെ അവർ ഒരുത്തരുടേയും ശത്രുവായിത്തീരുന്നതുമല്ല! ജല്പകന്മാർ ജല്പിക്കട്ടെ! അവർ കൂടുതൽ ഒന്നും അറിയുന്നില്ല. അവക്ക് പേരും പുകഴും കാമിനീകാഞ്ചനവും പൂർണ്ണമായും ലഭിക്കട്ടെ. അനുഭൂതിയെ, ബ്രഹ്മഭാവത്തെ,—ബ്രഹ്മഭാവനത്തെ—തന്നെ മുറുകെ പിടിക്കുന്ന നമുക്ക് മരണപര്യന്തവും ജന്മജന്മാന്തരങ്ങളിലും സത്യത്തെതന്നെ സമാശ്രയിക്കാം. മററുള്ളവർ പറയുന്നതിനെ നമുക്ക് ലേശം പോലും ശ്രദ്ധിക്കാതിരിക്കാം. ഒരു ആയുഷ്കാലത്തെ പ്രയത്നംകൊണ്ട് ഒരാൾക്കുമാത്രം സംസാരബന്ധങ്ങളെഛേദിച്ചു മുക്തനാകാൻ കഴിഞ്ഞുള്ളു എങ്കിലും നാം നമ്മുടെ ജോലി നിർവ്വഹിച്ചിരിക്കുന്നു. ഹരിഃ ഓം.

......ഒരു വാക്കുകൂടി. ഭാരതത്തെ ഞാൻ സ്നേഹിക്കുന്നുണ്ട്. സംശയമില്ല. എന്നാൽ ഓരോ ദിവസവും എൻെറ കാഴ്ച കൂടുതൽ തെളിഞ്ഞുവരുന്നു. ഭാരതമൊ, ഇംഗ്ലണ്ടൊ, അമേരിക്കയൊ (സംബന്ധിച്ച) നമുക്ക് എന്ത് (പ്രത്യേകതയാണ്). അജ്ഞാനികളാൽ മനുഷ്യൻ എന്നു വിളിക്കപ്പെടുന്ന ആ ഈശ്വരൻെറ ഭൃത്യന്മാരാണ് നമ്മൾ. ചുവട്ടിൽ വെള്ളം ഒഴിക്കുന്നവൻ വൃക്ഷത്തെ മുഴുവനും നനയ്ക്കുന്നില്ലയൊ?

സാമുദായികമായും രാഷ്ട്രീയമായും ആത്മീയമായും ഉള്ള മംഗളത്തിന് ഒരു ഒററ ആധാരം, ഞാനും എൻെറ സഹോദരനും ഒന്നെന്നറിയുന്നതുതന്നെ. ഇത് എല്ലാരാജ്യങ്ങളേയും എല്ലാ ജനങ്ങളേയും സംബന്ധിക്കുന്ന സത്യമാകുന്നു. എന്നാൽ പാശ്ചാത്യന്മാർ പൌരസ്ത്യരേക്കാൾ എളുപ്പം അതിനെ അനുഭവപ്പെടുത്തും എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ.

എന്തെന്നാൽ ആദർശത്തെ രൂപീകരിക്കുന്നതിലും വ്യക്തിഗതമായി ഏതാനുംപേൎക്ക് ആത്മാനുഭൂതി ഉണ്ടാക്കുന്നതിലും ആയി പൌരസ്ത്യർ മിക്കവാറും ക്ഷയിച്ചുപോയിരിക്കുന്നു.

പേരിനൊ പുകഴിനൊ, അന്യരുടെ മേൽ ഭരണംനടത്തുന്നതിനൊ ആഗ്രഹിക്കാതെ നമുക്ക് വേലചെയ്യാം. കാമം, ക്രോധം, ലോഭം ഈ ത്രിവിധബന്ധങ്ങളിൽനിന്നും നമുക്ക് വേർപെട്ടു ഇരിക്കാം. അപ്പോൾ സത്യം നമ്മോടുകൂടിത്തന്നെ ഉണ്ട്.

# ഗീതാതത്വം—ജ്ഞാനയോഗം.

(ശ്രീമൽ ശാരദാനന്ദസ്വാമികൾ)

## III

ഗീത പ്രക്ഷിപ്തമല്ല, ഈ സംഗതി ഞാൻ ആദ്യംതന്നെ പറഞ്ഞിട്ടുണ്ട്. പ്രക്ഷിപ്തമല്ലെന്നുള്ളതിന് വേറൊരു കാരണമുണ്ട്. നമ്മുടെ രാജ്യത്തുള്ള ദാൎശനികന്മാൎക്ക് ഒരു അസാധാരണ ഗുണമുണ്ടായിരുന്നുവെന്ന് ശാസ്ത്രങ്ങൾ വായിക്കുമ്പോൾ കാണാൻ കഴിയും. ആ ഗുണത്തിൽ ഒന്നു പകുതി, സ്വദേശികളും വിദേശികളുമായ ഇന്നത്തെ ദാൎശനികന്മാരുടെ ജീവിതത്തിൽ ഉണ്ടായിരുന്നുവെങ്കിൽ അത് അവൎക്കും അന്യന്മാൎക്കും വളരെ പ്രയോജനകരമായിരുന്നു. നമ്മുടെ നാട്ടിലുള്ള ദാൎശനികന്മാർ കേവലം ബുദ്ധിപ്രയോഗിച്ച് ഒരു വിഷയത്തെയും പ്രമാണമാക്കിയതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടിരിക്കാറില്ല. എന്നാൽ, ഇത് അവരുടെ ജീവിതത്തിൽ അനുഭവഗോചരമാക്കുന്നതിനുവേണ്ടി പ്രവൎത്തിക്കയും പിന്നീട് ഈ സത്യം ജനസാമാന്യത്തിൽ പ്രചരിപ്പിക്കയും ചെയ്യുന്നു. ശ്രീകൃഷ്ണന്റെ ജീവിതം നോക്കുന്നതായാൽ ഇതു് മനസ്സിലാകും. അദ്ദേഹം ഗീതയിൽ അരുളിച്ചെയ്തതുതന്നെ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഓരോ ഘടനയിലും അനുഷ്ഠിക്കുകയും അതിന്റെ യാഥാൎത്ഥ്യം വെളിപ്പെടുത്തുകയുംചെയ്തു. അഥവാ ഗീതയിൽ പ്രതിപാദിച്ചിട്ടുള്ള സകല സത്യങ്ങളും സ്വജീവിതത്തിൽതന്നെ ആദ്യം വേണ്ടുംവണ്ണം അനുഷ്ഠിക്കപ്പെട്ടവയാണെന്നും കാണാൻ കഴിയും. അതുകൊണ്ടു്, അദ്ദേഹംതന്നെയാണ് ഗീതാകൎത്താവെന്നുള്ളതിൽ സന്ദേഹമില്ല.

യോഗത്തെസംബന്ധിച്ച് ചിലതെല്ലാം മുമ്പു പറഞ്ഞിട്ടുണ്ട്. മനസ്സിന്റെ ശക്തി ഉദ്ദിഷ്ടവിഷയത്തിലേയ്ക്ക് സമ്പൂൎണ്ണം നയിക്കുന്നതത്രേ യോഗം. ഒരു ബാലൻ ശ്രമിച്ചിട്ടും പഠിക്കാൻ ശക്തനാകുന്നില്ല. ഇതിനു

കാരണമെന്താണ്? അവൻെറ മനസ്സിൻെറ ശക്തി ഒരു സംഗതിയിൽ ഏർപ്പെടുത്താൻ കഴിയുന്നില്ല. ചില വിഷയങ്ങളുടെനേൎക്ക് മനസ്സിൻെറ ചില ഭാഗങ്ങൾ സദാ പതിഞ്ഞിരിക്കുന്നു. അവന് മനസ്സിൻെറ എല്ലാ ഭാഗങ്ങളും ഏകാഗ്രമാക്കാൻ സാധിക്കുന്നില്ല. മനസ്സിൻെറ ശക്തി ഓരോന്നിലേക്കു ചിലവായിപ്പോകുന്നു. അതുനിമിത്തം ഉദ്ദിഷ്ടവിഷയം സ്വാധീനമാക്കാൻ അവൻ സമൎത്ഥനാകുന്നില്ല. ഉദ്ദേശ്യം എന്തായാലും അതിൽ എത്തുകയോ അതിനെ പ്രാപിക്കുകയോ ചെയ്യുന്നതിനുള്ള എളുപ്പവഴിയാകുന്നു യോഗം. ആ മാൎഗ്ഗം എന്ത്? ശരീരത്തിൻെറയും മനസ്സിൻെറയും സമസ്തശക്തികളെയും ഏകീകരിച്ച് ആ വിഷയത്തിൽ ചേൎക്കുക. ധനലാഭമാകട്ടെ, ധൎമ്മലാഭമാകട്ടെ, അഥവാ അന്യന്മാൎക്ക് മംഗളത്തിനുവേണ്ടിയുള്ള ഏതെങ്കിലും കാൎയ്യമാകട്ടെ, അതിൽ കൃതകൃത്യനാകുന്നതിനുള്ള ലഘൂപായത്തിൻെറ പേർതന്നെയാണ് യോഗം. മനസ്സിൻെറ എല്ലാ അംശങ്ങളെയും യോജിപ്പിക്കുന്നതിനുള്ള ശക്തി എവിടെനിന്നുണ്ടാകുന്നു? സകല ശക്തികളും നമ്മുടെ ഉള്ളിലുണ്ട്. എന്തെന്നാൽ സകല ശക്തികൾക്കും ആകരമായിട്ടുള്ളത് ആത്മാവാകുന്നു. ശരീരം, മനസ്സ്, ബുദ്ധി മുതലായവ ആത്മാവിൻെറ കയ്യിലെ യന്ത്രങ്ങൾ മാത്രമാകുന്നു. ഈ യന്ത്രങ്ങൾകൊണ്ട് അദ്ദേഹം ഈ അത്ഭുതലീലചെയ്യുന്നു. യന്ത്രം ചീത്തയായാൽ ഒരു സംഗതിയും ശരിയായി ചെയ്വാൻ സാധിക്കുകയില്ല. അതുപോലെ മനസ്സും ബുദ്ധിയും മലിനങ്ങളായാൽ ആത്മാവിൻെറ സമസ്തലീലകളും അതുപോലെയാകും. അതിന്ന് സകല ശക്തികളും പ്രകാശിപ്പിക്കുവാൻ സൌകൎയ്യമുണ്ടായിരിക്കുകയില്ല. മനസ്സും ബുദ്ധിയും അത്യന്തം ശുദ്ധമാകുന്നെങ്കിൽ— സത്വഗുണവിശിഷ്ടമാകുന്നെങ്കിൽ— അതിൻെറ ഉള്ളിലുള്ള ശക്തിക്ക് അത്ഭുതമായ പ്രകാശം ഉണ്ടാകുന്നു.

യോഗശബ്ദം സാധാരണ ഭാവത്തിൽ പ്രയോഗിക്കാമെങ്കിലും നമ്മുടെ ശാസ്ത്രത്തിൽ അത് ധൎമ്മസംബന്ധമായിട്ടുതന്നെ പറയപ്പെട്ടിരിക്കുന്നു. ഇനിയും, ജ്ഞാനയോഗമെന്നു പറയുന്നത് എന്തിനെയാണെന്നു നോക്കാം. പരമഹംസദേവൻ പറയുന്നു, ഏകജ്ഞാനമത്രേ ജ്ഞാനം, ബഹുജ്ഞാനം അജ്ഞാനമാകുന്നു. ഒരാൾക്ക് ഏതു വിഷയത്തിലെങ്കിലും വാസ്തവമായ ജ്ഞാനമുണ്ടെന്ന് എപ്പോൾ പറയാം? എപ്പോൾ ആ ജ്ഞാനത്തിൻെറ പ്രകാശം—അവൻ എല്ലാ സ്ഥലകാലങ്ങളിലും എല്ലാ വസ്തുക്കളിലും കാണുന്നു, അപ്പോൾ മാത്രമേ പറയുവാൻ കഴിയുകയുള്ളു. ഏതൊരാൾക്ക് സ്വരജ്ഞാനമുണ്ട്, അവന് എല്ലാ ശബ്ദങ്ങളിലും ഉള്ള സ്വരത്തിൻെറ നില കാണ്മാൻ കഴിയും. ഒരു വസ്തു വീഴുമ്പോഴും, ഒരു വണ്ടി ഓടുമ്പൊഴും, ഒരാൾ സംസാരിക്കുമ്പൊഴും, ഈ വിഭിന്നശബ്ദങ്ങളിലെല്ലാം ഇന്ന സ്വരമെന്ന് അറിയുന്നതിനും പറയുന്നതിനും അവന് കഴിയും. വിഭിന്നങ്ങളായ

ശബ്ദങ്ങളും രൂപങ്ങളും അവനു കാണ്മാൻ കഴിയും. വർണ്ണങ്ങളുടെ കളിയിലും അവന് സ്വരത്തിന്റെ ലീല കാണാൻ കഴിയും. സമസ്ത പ്രപഞ്ചവും ഒരു അപൂർവ്വസ്വരലഹരിമാത്രമാണെന്നും നാദംതന്നെ ജഗത്തിന്റെ കാരണമായ ബ്രഹ്മമെന്നും അവനു തോന്നും. പൈതാഗോറസ്സിന്റെ അനുഭവംപോലെ സൂര്യചന്ദ്രന്മാരുടെ ഗതിയോടുചേർന്ന് ഒരു അപൂർവ്വസ്വരം ഉണ്ടാകുന്നുണ്ടെന്ന് അവനും അനുഭവപ്പെടും. അദ്ദേഹം അതിനെ (Music of the Spheres) ഗോളങ്ങളുടെ സംഗീതം എന്നു പറയുന്നു. പരമഹംസദേവന്റെ അനുഭവത്തിൽ സകല ജഗത്തിലും ഒരു അപൂർവ്വമായ ഓങ്കാരധ്വനി മുഴങ്ങുന്നുണ്ട്. പക്ഷികളുടെ കൂജനത്തിലും, നദികളുടെ തരംഗങ്ങളിലും സമുദ്രത്തിലെ കല്ലോലങ്ങളിലും ആ ഓങ്കാരധ്വനി അദ്ദേഹം അനുഭവിച്ചു. സകല സ്ഥാനങ്ങളുടെയും സകല ശബ്ദങ്ങളുടെയും ഉള്ളിലൂടെ എല്ലായ്പോഴും ആ അനാഹതം ശബ്ദിച്ചുകൊണ്ടിരിക്കുന്നു,

സ്വരജ്ഞാനത്തെക്കുറിച്ച് എപ്രകാരമോ മററു വിഷയങ്ങളിലും അപ്രകാരമാകുന്നു. രൂപരസങ്ങളെക്കുറിച്ചുള്ള ജ്ഞാനം ഏതൊരാൾക്കുമുണ്ട്, അവന് സമസ്തലോകവും രൂപരസങ്ങളുടെ വികാരം മാത്രമെന്ന തോന്നലുണ്ടാകുന്നു. ബാഹ്യജ്ഞാനം സകലർക്കുമുണ്ട്. സുഖദുഃഖങ്ങളുടെ ജ്ഞാനവും എല്ലാവർക്കുമുണ്ട്. സ്ഥൂലദൃഷ്ട്യാ ജഡമായിത്തോന്നുന്നവയെല്ലാം ആഘാതപ്രതിഘാതംകൊണ്ട് സ്വന്തം ജീവിതത്തെക്കുറിച്ചും ജ്ഞാനത്തെക്കുറിച്ചും അല്പമെങ്കിലും മനസ്സിലാക്കുന്നു. ആഹാരം, നിദ്രാ, ഭയം മുതലായവയുടെ ജ്ഞാനം—"ജ്ഞാനമേതന്മനുഷ്യാണാം യത്തേഷാം മൃഗപക്ഷിണാം" മൃഗപക്ഷ്യാദികളിലും മനുഷ്യരിലും തുല്യമായിട്ടിരിക്കുന്നു. ഈ ജ്ഞാനത്തെ നാം ജ്ഞാനമെന്നു പറയുന്നില്ല. എന്നാൽ, ചില വിഷയങ്ങളിൽ നാം ഒരു ശക്തിയുടെ വികാസം ഒരു നിയമത്തിന്റെ ലീലാവിലാസം കാണുമ്പോൾ അതിനെ ജ്ഞാനമെന്നു പറയുന്നു. കായ്കൾ പഴുത്ത് വൃക്ഷത്തിൽനിന്നും വീഴുന്നു, കല്ലെടുത്ത് എറിയുമ്പോൾ താഴെ വീഴുന്നു, നാം ചാടുമ്പോൾ ആകാശത്തിൽ ഉയരുന്നില്ല, പൃഥ്വി സൂര്യന്റെ നാലുഭാഗത്തും ചുററുന്നു, എന്നിങ്ങനെയുള്ള ജ്ഞാനങ്ങളെ ഏതൊരു ദിവസംവരെ നാം ഒരേ ശക്തിയിൽനിന്നുത്ഭവിച്ചവയെന്നു കാണുന്നില്ല, അതുവരെ ഈ ബാഹ്യജ്ഞാനങ്ങൾ നമ്മെ ജ്ഞാനമാർഗ്ഗത്തിൽ വളരെ മുന്നോട്ടു നയിക്കുന്നില്ല. എന്നാൽ ഇവയെല്ലാം (Force of gravitation) മാധ്യാകർഷണമെന്ന ഒരു ശക്തിയാൽ നടക്കുന്നുവെന്ന് മനസ്സിലാകുമ്പോൾ നമ്മുടെ ജ്ഞാനം കുറെ വ്യാപിക്കുന്നു. എത്ര വിഷയങ്ങളെ നാം ഒരു ചരടിൽ ചേർക്കാൻ സമർത്ഥരാകുന്നുവെന്ന് പറഞ്ഞറിയിക്കാൻ പ്രയാസം. ഇപ്രകാരം പല പദാർത്ഥങ്ങളെയും അനുഭവങ്ങളെയും ഓരോ വകുപ്പുകളിലാക്കുന്നതത്രേ ജ്ഞാനം. ഭിന്നങ്ങളും അസംഖ്യേയങ്ങളുമായ ഈ ശ്രേണികളെല്ലാം തന്നെ വീണ്ടും ചില ശ്രേണികളിലുൾപ്പെട്ടവയാണെന്നു കാണാൻ കഴിയും.

ശാസ്ത്രം പറയുന്നു, ഈ സമസ്തശ്രേണികളും ഒന്നിൽ ഉൾപ്പെട്ടവയാണെന്ന് അറിയുന്നവനത്രെ യഥാൎത്ഥജ്ഞാനി. ഈ ഏകജ്ഞാനം ഒരിക്കൽ ഉണ്ടായാൽ പിന്നീട് ഒരിക്കലും അജ്ഞാനം വന്നുചേരുകയില്ല. ഇതുകൊണ്ട് ഗീത പറയുന്നു, യാതൊരുവൻ ആ ഏകത്തിൻെറ പ്രകാശം സൎവ്വത്ര കാണുന്നു, അവനത്രേജ്ഞാനി. ഈ ബഹുജ്ഞാനത്തിനുപുറമെ യാതൊരുവൻ ആ ഏകത്തെകാണുന്നു, "ഏകോ ബഹൂനാം" അവൻ മൃത്യുഞ്ജയനായിട്ട് സുഖദുഃഖങ്ങൾക്ക് അപ്പുറം പോകുന്നു.

ജ്ഞാനത്താൽ നമുക്ക് ആ ഏകൻെറ സന്നിധിയിൽ എപ്രകാരമെത്താൻ കഴിയുമെന്നുള്ളത് ശ്രീകൃഷ്ണൻെറ ഉപദേശങ്ങളിലും ജീവിതത്തിലും സൎവ്വത്ര കാണാൻ കഴിയും. ആ ഏകൻ—അഥവാ ഏകം—എന്തുതന്നെ ആയാലെന്ത്? ഏതൊന്നിൽനിന്ന് ഇതെല്ലാം ഉണ്ടാകുന്നു, അവിടെ എത്തണം. അതിനെ ഈശ്വരനെന്നോ ഭഗവാനെന്നോ കാളിയെന്നോ ബ്രഹ്മമെന്നോ എന്തുതന്നെ പറഞ്ഞാലും അതു സ്ത്രീലിംഗമോ പുല്ലിംഗമോ ക്ലീബലിംഗമോ അല്ല. ആ ഏകജ്ഞാനം ലഭിപ്പാൻ ഉപായമെന്ത്? പരമഹംസദേവൻ പറയുന്നു, ഏതെങ്കിലുമൊരുവിഷയത്തിൽ നിങ്ങളുടെ ലാഭചേതങ്ങളെ വിസ്മരിച്ച് മനസ്സ് സമ്പൂൎണ്ണം സമൎപ്പിച്ചാൽ നിശ്ചയമായും ആ ഏകജ്ഞാനം ലഭിക്കും. സന്യാസിയാകട്ടെ, ലൌകികനാകട്ടെ, പൂൎണ്ണമായി സമൎപ്പിക്കുന്നതായാൽ ആ ഏകത്തിൻെറ പ്രകാശം കാണ്മാൻ കഴിയും.

# ഹരിദാസസ്വാമികൾ.

ബംഗാൾ പ്രസിഡൻസിയിലുള്ള ബുഡൻ ഗ്രാമത്തിലെ സുപ്രസിദ്ധമായ ഒരു മുസൽമാൻ കുടുംബത്തിലാണ് ഹരിദാസൻ* ജനിച്ചത്. കുലമൎയ്യാദയനുസരിച്ചുള്ള നടവടികളോട് ബാല്യംമുതല്ക്കുതന്നെ ഹരിദാസന് കലശലായ അനാസ്ഥയും വെറുപ്പും ഉണ്ടായിരുന്നു. ഇദ്ദേഹം ശിശുവായിരിക്കുമ്പോൾ ഹരിനാമസങ്കീൎത്തനം കേട്ടാൽ ഹൃദയം ആനന്ദപൂൎണ്ണമാകാറുണ്ടായിരുന്നു. ക്രമേണ, ഹരിനാമമുച്ചരിക്കുക സ്വഭാവമായിത്തീൎന്നിരുന്നു. ആരുടെയും പ്രേരണയോ ഉപദേശമോ കൂടാതെ ഈ മുസൽമാൻ ബാലൻ പ്രഹ്ലാദനെപ്പോലെ ഹരിഭക്തിപരായണനായെന്ന് ആരും അറിഞ്ഞിരുന്നില്ല. മാതാപിതാക്കന്മാർ വളരെയെല്ലാം പറഞ്ഞിട്ടും ബാലൻ വിധൎമ്മിയായ കാഫരുടെ മതം അല്പംപോലും വെടിഞ്ഞില്ല. ഒടുവിൽ അവർ ബാലനെ വീട്ടിൽനിന്നും അടിച്ചു പുറത്താക്കി, തന്നെ പിതൃഗൃഹത്തിൽ

* അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരുടെ പേരെന്തെന്ന് കേട്ടിട്ടില്ല.

നിന്നും തള്ളിയതു് ഈശ്വരാനുഗ്രഹമെന്നു കരുതി. പ്രാണാധികപ്രിയനായ ഭഗവാനെ നിന്ദിക്കുന്നതു് ഇനിയും കേൾക്കുകയില്ലെന്നു കണ്ടപ്പോൾ ഹരിദാസനുണ്ടായ ആനന്ദം സീമാതീതമായി. അദ്ദേഹം അകലെയൊരു സ്ഥലത്തു് ആരുമറിയാതെ ഒരു ഗുഹയുണ്ടാക്കി അവിടെ ഇരുന്നു് സാധനകളനുഷ്ഠിച്ചുതുടങ്ങി. അവിദ്യയുടെ ക്രൂരതരങ്ങളായ സംസാരത്തിൽ ഈശ്വരഭജനം വിഘ്നംകൂടാതെ നടത്തിക്കൊണ്ടുപോരുക വളരെ പ്രയാസം. ആ ദേശത്തിലെ ദുഷ്ടബുദ്ധിയായ ജമിന്ദാർ രാമചന്ദ്രൻ ഹരിദാസന്റെ തപോഭംഗംചെയ്യുന്നതിനായിട്ടു് രാത്രികാലത്തു് ആ നിർജ്ജനമായ ഗുഹയിൽ ഒരു സുന്ദരിയായ വേശ്യയേ നിയോഗിച്ചയച്ചു. അവൾ അവിടെച്ചെന്നു് ഹരിദാസനോടു് നർമ്മാലാപംചെയ്യണമെന്നുള്ള തന്റെ അഭിലാഷത്തെ അറിയിച്ചു. ആരുടെ മനസ്സു് ഒരു പ്രാവശ്യമെങ്കിലും അലൌകികസാമാന്യമായ മോഹനമാധുര്യരസം പാനംചെയ്തിരിക്കുന്നു, അവൻ പിന്നെ പാപിഷ്ഠയായ വിലാസരസികയുടെ രസാലാപത്തിൽ ആകൃഷ്ടനാകുമോ? ഹരിദാസൻ പറഞ്ഞു, "അല്പം ക്ഷമിക്കുക, എന്റെ പതിവായുള്ള ജപം കഴിഞ്ഞിട്ടു് നിന്നോടുകൂടി സല്ലാപംചെയ്യാം" അനന്തരം, പതിവുള്ള മൂന്നുലക്ഷം ജപിച്ചുകഴിഞ്ഞതോടുകൂടി നേരം പ്രഭാതമായി. വേശ്യയാകട്ടെ ഒന്നും ചെയ്യാൻ നിവൃത്തിയില്ലാതെ ഇച്ഛാഭംഗപ്പെട്ടു നടകൊണ്ടു. ജമിന്ദാർ പിറേറദ്ദിവസവും ആ വേശ്യയെത്തന്നെ ഹരിദാസന്റെ സന്നിധിയിലയച്ചു. ഹരിദാസൻ അന്നും പഴയപടിതന്നെ ചെയ്തു. വേശ്യ ഇരുന്നിരുന്നു് ഭക്തന്റെ മുഖത്തുനിന്നും ഹരിനാമം കേട്ടുതുടങ്ങി. മരുഭൂമിയിൽ മഴപെയ്യുമോ? വേശ്യയും സഹവാസഗുണംകൊണ്ടു് ഇടക്കിടെക്കു് 'ഹരി' 'ഹരി' എന്നു് ഉച്ചരിച്ചുതുടങ്ങി. മൂന്നുലക്ഷം ജപവും അവസാനിച്ചു, രാത്രിയും കഴിഞ്ഞു. വേശ്യ അസ്വസ്ഥചിത്തയായി തിരിച്ചുചെന്നു് രാമചന്ദ്രനോടു് ഹരിദാസന്റെ ഹരിഭക്തിയെപ്പററി പറഞ്ഞു. അതുകൊണ്ടും രാമചന്ദ്രൻ പിന്മാറിയില്ല. അടുത്തദിവസം രാത്രിയിൽ വീണ്ടും ആ വേശ്യയെത്തന്നെ പറഞ്ഞയച്ചു. അവൾ ചെന്ന ഉടനെ ഹരിദാസൻ പറഞ്ഞു, രണ്ടുദിവസം നീ വളരെ കഷ്ടപ്പെട്ടു. ഇന്നു് വേഗം ജപം കഴിച്ചിട്ടു് നിന്റെ മനോരഥം സഫലമാക്കാം. ഇതുകേട്ടു് അവൾ ഇപ്രകാരം വിചാരിച്ചു, എത്രയെത്ര ജനങ്ങൾ ഞാൻ വിളിച്ചില്ലെങ്കിലും എന്നോടുകൂടി രമിക്കാനാഗ്രഹിച്ചു് എന്റെ വീട്ടിൽ വരുന്നു, എന്റെ സൌന്ദര്യലഹരിയിൽ മയങ്ങുന്നു, എന്നാൽ, ഹരിദാസൻ ഏതൊരു രൂപത്തിലാണു് മോഹിച്ചിരിക്കുന്നതെന്നറിയുന്നില്ല. ഞാൻ ഇരന്നിട്ടുപോലും എന്നിൽ അനുരക്തനാകുന്നില്ലല്ലോ. ഹരിദാസൻ ധന്യൻതന്നെ. ഭോഗവാഞ്ഛയെ തൃണവൽക്കരിച്ചു് ഇദ്ദേഹം ഹരിനാമരസമാകുന്ന മദിരാപാനത്താൽ ഉന്മത്തനായിരിക്കുന്നു! ഞാൻ നിന്ദ്യതന്നെ. വൃഥാ മായയുടെ പാപത്തിൽ മുങ്ങുന്നു. ഏതു നരകത്തിലാണു് എന്റെ ഗതിയെന്നു് ഞാനറിയുന്നില്ല.

അവൾക്ക് സമാധാനമുണ്ടായില്ല, അശരണയായി ഹരിദാസൻെറ ചരണങ്ങളിൽ വീണ് ഇങ്ങിനെ പറഞ്ഞു,

"അഴലിതുവരുവാനനാഥയാം ഞാൻ
പിഴ പലതുംബത ചെയ്യുപോയിരിക്കാം,
അഴകിലവപൊറുത്തുകൊൾകനീ
തൃക്കഴലിണയേ മമ താങ്ങലൊള്ളൂ."

എന്നിത്യാദി പലവുരു പ്രാർത്ഥിച്ചു. ഭക്തൻെറ ഹൃദയം കുളിർത്തു, ഹരിനാമദ്ധ്വനിയാൽ ആ വനം മാറെറാലിക്കൊണ്ടു. ഹരിദാസനാകട്ടെ അശരണയായ അവൾക്ക് അഭയദാനംചെയ്യുകൊണ്ടു് ഇപ്രകാരം പറഞ്ഞു. കുഞ്ഞേ! ഞാൻ എല്ലാം അറിയുന്നു, ഇന്നുതന്നെ ഞാൻ ഈ ദേശം വിട്ടുന്നു. നിന്നെ കൃതാർത്ഥയാക്കുന്നതിനുവേണ്ടി ഇവിടെ ഇരിയ്ക്കുയായിരുന്നു. അനന്തരം അവൾക്ക് ഹരിനാമസാധന ഉപദേശിച്ച് ഇപ്രകാരം പറഞ്ഞു. നിൻെറ ധനമെല്ലാം ദീനന്മാരും ദുഃഖിതരുമായ ബ്രാഹ്മണർക്ക് ദാനംചെയ്തിട്ടു് ഈ ഗുഹയിലിരുന്നു സാധനചെയ്യുക, ഞാൻ നടക്കുന്നു. അവൾ അതുതന്നെ ചെയ്തു. വേശ്യയുടെ നരകപ്രായമായ ഹൃദയം വൈകുണ്ഠപുരിയായി. സാധുസംഗത്താൽ ശുഷ്കതരുമഞ്ജരിതമായി. അവൾ ക്രമേണ പരമഭക്തയായിട്ടു് മുക്തിയ്ക്കു് അധികാരിണിയായി ഭവിച്ചു.

ഹരിദാസൻ അവിടെനിന്നു് ചന്ദ്രപുരിയിലെ ഹിരണ്യൻ, ഗോവർദ്ധനദാസ് എന്നീ ജമിന്ദാരന്മാരുടെ പുരോഹിതനായ ബലരാമാചാര്യൻെറ ഭവനത്തിലെത്തി. ബലരാമാദികൾ അദ്ദേഹത്തിൻെറ ഭാവഭക്തികണ്ടു് മോഹിച്ച് ഗുരുവിനേപ്പോലെ പരിചരിച്ചു. ഹിരണ്യൻെറ പുത്രനും ബാലനുമായ രഘുനാഥൻ ഈ സമയം ഹരിദാസൻെറ സന്നിധിയിൽനിന്നു് ഹരിഭക്തി ലഭിച്ച് ഒടുവിൽ പരമഭക്തനായി. "ഹരിനാമാഭ്യാസത്താൽ മുക്തി ലഭിക്കുന്നു" എന്നു് ഹരിദാസൻെറ മുഖത്തുനിന്നും കേട്ടു് ഗോപാലചക്രവർത്തി എന്നൊരാൾ പറഞ്ഞു. ഇതു് ആരും കേൾക്കുകയില്ല, യോഗതപസ്യാദികളാൽപോലും അലഭ്യമായ അതു് ഒരിക്കലും ഹരിനാമത്താൽ ലഭിക്കപ്പെടുകയില്ല. അങ്ങിനെ ഉണ്ടാകുമെങ്കിൽ എൻെറ മൂക്ക് മുറിഞ്ഞുപോകട്ടെ. ഇതുകേട്ടു് ഹരിദാസൻ ഇപ്രകാരം പറഞ്ഞു "അങ്ങിനെ ഉണ്ടാകയില്ലെങ്കിൽ എൻെറ മൂക്ക് മുറിഞ്ഞുപോകട്ടെ" ഹരിദാസൻെറ മനസ്സ് ദ്രവിച്ചു, ശരീരം രോമാഞ്ചിതമായി. ഭക്തൻെറ അമോഘമായ വാക്ക് അചിരേണ സഫലമായി. ഗോപാലൻെറ മൂക്ക് കുഷ്ഠരോഗത്താൽ മുറിഞ്ഞുവീണു.

ഹരിദാസൻ കുറേ ദിവസങ്ങൾകഴിഞ്ഞു് ചന്ദ്രപുരിയിൽനിന്നു് ഫുലിയാഗ്രാമത്തിലെത്തി താമസിച്ചു. അവിടുള്ള ബ്രാഹ്മണപണ്ഡിതന്മാരെല്ലാവരും അദ്ദേഹത്തോടു വളരെ ഭക്തിപൂർവ്വം പെരുമാറി. എന്നാൽ, അപൂർവ്വം ചില മുസൽമാന്മാർ അദ്ദേഹത്തിനു വരോധികളായിത്തീർന്നു.

തൽഫലമായി നാട്ടുവാഴിയായ കാജിസാഹേബിന്റെ സന്നിധിയിൽ "ഹരിദാസൻ മുസൽമാനായിട്ടും മററുള്ളവരുടെ മതമാചരിക്കുന്നു" എന്ന കുററത്തിന് അദ്ദേഹത്തെ ശിക്ഷിക്കണമെന്ന് അവരപേക്ഷിച്ചു. ഭഗവൻ! അവിടുന്ന് ഭക്തവത്സലനല്ലേ? അവിടുത്തെ ശരണംപ്രാപിച്ചിരിക്കുന്ന ഹരിദാസനെ ഇന്ന് ഒരു കുററം ചുമത്തി ഘോരമായ വിപത്തിൽ തള്ളുമോ? കാജിസാഹേബ് ഹരിദാസനെ ബന്ധനസ്ഥനാക്കി. മററുള്ള തടവുകാർ ഭക്തനായ ഹരിദാസന്റെ സമാഗമത്തിൽ തങ്ങളുടെ കാരാഗൃഹമോചനം ആഗ്രഹിച്ച് അദ്ദേഹത്തിന്റെ സന്നിധിയിലിരുന്നു ഹരിനാമം ഉച്ചരിച്ചു. ഇതുനിമിത്തം സന്തുഷ്ടനായ ഹരിദാസൻ അവരെ ഇപ്രകാരം ആശീർവ്വദിച്ചു. "നിങ്ങൾ ഇപ്പോൾ ഇരിക്കുന്നതുപോലെ എന്നുമിരിക്കുവിൻ!" ഈ ആശീർവ്വാദംകേട്ട് അവർ അത്യന്തം ക്ഷുഭിതരായി. അപ്പോൾ അദ്ദേഹം പറഞ്ഞു, "ദുഃഖിക്കരുത്, നിങ്ങൾ ഇപ്പോൾ എങ്ങിനെ ഭക്തിയോടുകൂടി ഇരിക്കുന്നു, ഇങ്ങിനെ എന്നുമിരിക്കുവിൻ! നിങ്ങൾക്കു മോചനം ലഭിക്കും." പിറേറദിവസം കാജിസാഹേബിന്റെ മുമ്പിൽ ഹരിദാസന്റെ കേസുവിചാരണ നടന്നു. കാജി പറഞ്ഞു, "ഹരിദാസാ! നീ പരിശുദ്ധമായ മുസൽമാൻവംശത്തിൽ ജനിച്ചിട്ട് ദുർബ്ബുദ്ധികൊണ്ട് കാഫറിന്റെ രീതി സ്വീകരിച്ചതെന്ത്? നീ കല്മാ പഠിച്ച് വീണ്ടും വിശുദ്ധനായാൽ നിനക്കു രക്ഷകിട്ടും." ഏതൊരു ഭക്തി ഉണ്ടായാൽ പിന്നെ യമഭയം ഇരിക്കയില്ല, ഏതൊരു ഭക്തിരസം ആസ്വദിച്ചാൽ ഭക്തന്ന് ജനനമരണങ്ങൾ രണ്ടും അമൃതമയങ്ങളായിത്തീരുന്നു, ആ ഭക്തിസുധാസിന്ധുവിൽ ആമഗ്നനായ ഹരിദാസൻ കാജിയെ ഭയപ്പെടുകയോ? അദ്ദേഹം പ്രഹ്ലാദനെപ്പോലെ നിർഭയനായിട്ടു പറഞ്ഞു, "ഈശ്വരൻ ഏകനും അഖണ്ഡനും അവ്യയനുമാകുന്നു, അദ്ദേഹം ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും വേറെ വേറെ അല്ല. അദ്ദേഹം കരുണചെയ്തു് ഏതൊരുവനെ എപ്രകാരം പ്രേരണചെയ്യുന്നു, അവൻ അപ്രകാരം ചെയ്യുന്നു. പലരും ഹിന്ദുക്കളായിട്ടും മുസൽമാന്മാരാകുന്നു. എന്നാൽ ഞാൻ അങ്ങിനെയല്ല, മുസൽമാനായിട്ട് ഹിന്ദുവാകുന്നു. ഞാൻ തനിയേ മരിക്കുമെങ്കിൽ എന്നെ കൊല്ലുന്നതുകൊണ്ട് എന്തു ഫലമാണ്?" എന്നിങ്ങനെയുള്ള ഹരിദാസന്റെ മധുരവാക്കുകൾ കേട്ട് കാജി സന്തുഷ്ടനായി. എന്നാൽ, മന്ത്രിമാർ പറഞ്ഞു, ഇവനെ ശിക്ഷിക്കാതെവിട്ടാൽ ഇതുകണ്ട് പല മുസൽമാന്മാരും ഹിന്ദുക്കളാകാനിടയുണ്ട്. ഇതുകേട്ട് മാർഗ്ഗാന്തരങ്ങളൊന്നും കാണാഴികയാൽ ഹരിദാസനെ ബജാറിൽവച്ച് ൨൨ അടി അടിക്കുന്നതിന് കാജി ആജ്ഞാപിച്ചു, പിന്നെയും ഹരിദാസൻ ജീവിച്ചിരുന്നെങ്കിൽ അവൻ പറയുന്നത് സത്യമെന്നു വിചാരിക്കാം. കാജി അപ്പോൾ ഹരിദാസനോട് ഹരിനാമമുപേക്ഷിക്കാൻ നിർബന്ധിച്ചു. പ്രാണനുള്ളപ്പോൾ ഹരിദാസനു് അതിനു ശക്തിയുണ്ടോ? ആ ഭക്തശിരോമണി അത്ഭുതപരതന്ത്രനായിട്ട് ഇങ്ങിനെ പറഞ്ഞു.

"ഖണ്ഡ ഖണ്ഡ ഹ്‌യ ഇ ദേഹ
യായ് യദി പ്രാണ
തബു ആമി വദനേ
നാ ഛാഡി ഹരിനാമ."

(ഈ ശരീരം തുണ്ടുതുണ്ടുകളാക്കിയാലും— പ്രാണൻ പോയാൽപോലും ഞാൻ ഹരിനാമം ഉപേക്ഷിക്കുകയില്ല)

നിഷ്ഠുരന്മാരായ ശിപായിമാർ കാജിയുടെ കല്പനപ്രകാരം ഹരിദാസന്റെ പൃഷ്ഠത്തിൽ നിർദ്ദയം പ്രഹരിച്ചുതുടങ്ങി. ബജാറിൽ നടത്തിക്കൊണ്ട് തുടരെത്തുടരെയുള്ള പ്രഹരമേററ് അദ്ദേഹത്തിന്റെ ദേഹമാസകലം പൊട്ടിപ്പൊളിഞ്ഞുപോയി. രക്തപ്രവാഹത്താൽ പൃഷ്ഠഭാഗവും പ്രേമാശ്രുധാരയാൽ കവിൾത്തടങ്ങളും ഭക്തിഭരത്താൽ ഹൃദയവും പരിശോഭിച്ചു. ദുഷ്ടനായ കാജിയുടെ പാപനദി പിൻഭാഗത്തും ഭക്തന്റെ പ്രേമധാര മുമ്പിലും പ്രവഹിച്ചു. ആ സമയത്തും ഹരിദാസൻ ഉച്ചസ്വരത്തിൽ ഹരിനാമം ജപിച്ചുകൊണ്ടിരുന്നു. നഗരം മുഴവൻ ഹാഹാരവം മുഴങ്ങി. ഭക്തനെ അപമാനിക്കുന്നതുകണ്ട് സമസ്തജനങ്ങളും ദുഃഖാകുലരായി. സജ്ജനങ്ങളുടെ ശാപം കാജി സാഹേബിന് നരകത്തിലേയ്ക്കുള്ള മാർഗ്ഗം തയാറാക്കി. ഭഗവൻ! ഭക്തവത്സല! ഇതുകൊണ്ടുതന്നെയോ അവിടുന്ന്,

"സന്താപേ ഷേഷ്യ കൌന്തേയ!
യദി മാം ന പരിത്യജേൽ
ദദാമി പദവിം സ്വീയാം
ദേവാനാമപി ദുർല്ലഭാം"

എന്ന് പറഞ്ഞിരിക്കുന്നത്? പ്രേമമഗ്നനായ ഹരിദാസന് ഭാവാവേശത്താൽ ഈ സമയത്ത് സമാധി ഉണ്ടായി. അദ്ദേഹം മരിച്ചുപോയെന്ന് ശിപായിമാർ നിശ്ചയിച്ചു. കബറിൽവച്ചാൽ സദ്ഗതി ഉണ്ടാകുമെന്നു വിചാരിച്ച് അവർ അദ്ദേഹത്തിന്റെ ദേഹം നദിയിലൊഴുക്കിക്കളഞ്ഞു. ഹരിദാസന്ന് ബോധം വീണശേഷം കാജിയുടെ സമീപത്തുതന്നെ ചെന്നുചേർന്നു. ഇതുകണ്ട് കാജി അത്ഭുതപ്പെട്ട് ഹരിദാസനെ അലൌകികപുരുഷനെന്നറിഞ്ഞ് ക്ഷമാപണപുരസ്സരം ഇഷ്ടംപോലെ നടന്നുകൊള്ളുവാൻ ആജ്ഞാപിച്ചു. ഹരിദാസൻ ഹരിധ്വനിചെയ്തുകൊണ്ട് എല്ലാവരോടും ഇങ്ങനെ പറഞ്ഞുതുടങ്ങി.

"ഭഗവാൻ അപാരകരുണാനിധിയാണ്. പലപ്രാവശ്യം ഈശ്വരനാമത്തെ നിന്ദിച്ചു പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. ആ പാപത്താൽ എന്നെ വലിയ കുംഭീപാകത്തിൽ തള്ളാതെ ഈ ചെറിയ ശിക്ഷ നൽകി രക്ഷിച്ചു. ഇതുകൊണ്ടുതന്നെ ഞാൻ ധന്യനായിരിക്കുന്നു." ഈ കാലം മുതൽ ഹരിദാസൻ ഗംഗാതീരത്തിലുള്ള ഗുഹയിൽ ഇരുന്നു തപസ്സുചെ

സ്ഥാനാരംഭിച്ചു. ഇദ്ദേഹം വഴിയിൽക്കൂടി നടക്കുമ്പോൾ ഉച്ചത്തിൽ ഹരിനാമം ജപിച്ചുവന്നു. അതുനിമിത്തം വഴിയിലുള്ള ജനങ്ങൾക്ക് കലശലായ വെറുപ്പുതോന്നി. എങ്കിലും അദ്ദേഹം അവരെ ഹരിനാമം കേൾപ്പിക്കാതിരുന്നില്ല. ഏതാനും ദിവസങ്ങൾ കഴിഞ്ഞു് അദ്ദേഹം നവദ്വീപത്തിൽചെന്നു് അദ്വൈതാചാൎയ്യൻ മുതലായവരുടെ കൂട്ടത്തിൽ ചേൎന്നു. അവിടെയുള്ള വൈഷ്ണവന്മാർ മുസൽമാനായ ഹരിദാസൻെറ അലൌകികഭക്തി—മഹാഭാവം കണ്ടിട്ടു് അദ്ദേഹത്തെ ഭക്തിപുരസ്സരം പൂജിക്കയും ആദരിക്കയും ചെയ്തു. ദേഹമാസകലം പൊടിയണിഞ്ഞും കണ്ഠത്തിലും കൈകളിലും മാലകളോടും ദീൎഘങ്ങളായ ശ്മശ്രുകേശാദികളോടുംകൂടി ഭക്തരത്നമായ ഹരിദാസൻ പ്രേമലഹരിയാൽ ഉന്മത്തനായിട്ടു് മററു ഭക്തന്മാരോടുകൂടി ഹരിനാമസങ്കീൎത്തനംചെയ്തുകൊണ്ടു് നവദ്വീപനഗരത്തെ ഈശ്വരപ്രേമത്തിൽ ആറാടിച്ചു. അനന്തരം ആ ഭക്തശിരോമണി ശാന്തിപുരത്തിൽ ഗംഗാതീരത്തുള്ള ഗുഹയിൽ ഇരുന്നു് വളരെക്കാലം നാമാമൃതം ആസ്വദിച്ചു. ഹരിദാസനു ഭോജനം നൾകിയാൽ വേദപാരഗന്മാരായ സഹസ്രം ബ്രാഹ്മണൎക്കു് ഭോജനം നൾകിയാലുള്ള ഫലമുണ്ടെന്നു് അദ്വൈതാചാൎയ്യൻ പറഞ്ഞിരുന്നു. ഈ ഘട്ടത്തിൽ ഭക്തിയുടെ അവതാരമായ ശ്രീ ഗൌരാങ്ഗൻ അവതരിച്ചിരുന്നില്ലെങ്കിലും, ഹരിദാസൻെറ ജീവിതശേഷം മഹാത്മാവായ ഗൌരാങ്ഗൻെറ പവിത്രതാസംഗത്തോടുകൂടി നയിക്കപ്പെട്ടു.

## ശ്രീരാമകൃഷ്ണലീലാപ്രസംഗം.

(തുടൎച്ച)

ഭഗവാൻെറ സാധനകാലം; റാണി രാസമണിയോടും മഥുരനാഥനോടുമുള്ള വ്യവഹാരത്തിൽ ഗുരുഭാവം സ്പഷ്ടമായതു്. ഗുരുഭാവത്തിൻെറ പ്രഥമവികാസം ഭഗവാൻെറ യൌവനത്തിൽ ദക്ഷിണേശ്വരത്തു് കാളിക്ഷേത്രം പണികഴിപ്പിച്ച റാണി രാസമണിയോടും മഥുരനാഥനോടുമുള്ള വ്യവഹാരത്തിലാണു് കാണുന്നതു്. ഇവരെ രണ്ടുപേരേയും കാണുന്നതിനു് ഞങ്ങൾക്കു ഭാഗ്യമുണ്ടായിട്ടില്ല. എങ്കിലും ഭഗവാൻ പിന്നീടു് ഞങ്ങളോടു സംസാരിച്ചിട്ടുള്ള മററു സംഗതികളിൽനിന്നും ഇപ്രകാരം അനുമാനിക്കാം; ആദ്യത്തെ കാഴ്ചയിൽത്തന്നെ ഇവൎക്കു് ഭഗവാനോടു് ഒരു സ്നേഹം ജനിക്കുകയും ഇതു് ക്രമേണ വൎദ്ധിച്ചു് മറെറാരു സ്ഥലത്തും കണ്ടിട്ടില്ലാത്തവിധം ഗംഭീരതയെപ്രാപിക്കുകയും ചെയ്തു. ഒരു മനുഷ്യനു് മറെറാരുവനെ ഇത്രമാത്രം ഭക്തിയോടും വിശ്വാസത്തോടുംകൂടി സ്നേഹിക്കുന്നതിനു് സാദ്ധ്യമാ

ണോ എന്നോർത്ത് നമ്മളിൽ പലക്കും ഇത് ഒരു കെട്ടുകഥപോലെ മനസ്സിൽ തോന്നിയേക്കാം. പിന്നെ, ഭഗവാൻെറ കഥതന്നെ കുറേക്കൂടി സൂക്ഷിച്ചുനോക്കിയാൽ അക്കാലത്ത് ഗണ്യനല്ലാത്ത ഒരു സാധാരണ പൂജക ബ്രാഹ്മണൻ മാത്രമായിരുന്നുവെന്നു കാണുന്നു. അവരൊ, ജാതികൊണ്ട് വലിയവരല്ലെങ്കിലും ധനം, യശസ്സ്, വിദ്യാ, ബുദ്ധി ഇവകൊണ്ട് സമുദായത്തിൻെറ നായകന്മാരായിരുന്നുവെന്നുവേണം പറയുവാൻ.

<u>ഭഗവാൻെറ അപൂർവ്വസ്വഭാവം:</u> ബാല്യകാലംമുതൽതന്നെ ഭഗവാൻെറ സ്വഭാവവും ഒന്ന് പ്രത്യേകംതന്നെയായിരുന്നു. ധനം, യശസ്സ്, വിദ്യ, ബുദ്ധി, പേരിൻെറ അവസാനത്തിൽ കൂട്ടിച്ചേക്കുന്ന സ്ഥാനമാനങ്ങൾ ഇവകളെയാണ് സാധാരണ ലോകർ ബഹുമാനിക്കുന്നത്. ഭഗവാൻ ഇവയൊന്നും വളരെനാൾ നില്ക്കുന്നതാണെന്നു ഗണിച്ചിരുന്നില്ല. "മാണ്യൂമെൻറി"ൽനിന്നു നോക്കുമ്പോൾ മൂന്നും നാലും നിലയുള്ള കെട്ടിടങ്ങളും ഉയരമുള്ള മരങ്ങളും ഭൂമിയും പുല്ലും എല്ലാം സമമായി തോന്നുന്നുവെന്ന് ഭഗവാൻ പറയുമായിരുന്നു. നമ്മളും ഇപ്രകാരം കാണുന്നു: ഭഗവാൻ ബാല്യംമുതൽക്ക് സത്യനിഷ്ഠയും ഈശ്വരാനുരാഗവും സഹായമായി അവലംബിച്ച് മനസ്സിനെ ഉച്ച ഭൂമിയിൽതന്നെ സദാ വെച്ചുകൊണ്ടിരുന്നു. ആ ഭൂമികയിൽനിന്നും നോക്കുമ്പോൾ ധനം, യശസ്സ്, വിദ്യ ഇവകൾ തമ്മിലുള്ള അല്പ സ്വല്പമായ തരതമഭാവം മായുകയും എല്ലാം ഒന്നുപോലെ തോന്നുകയും ചെയ്തിരുന്നു. പക്ഷെ ആ സ്വല്പമായ തരതമഭാവം, നമ്മേ അഭിമാനംകൊണ്ട് ഞെളിയിക്കുന്നതിന് ധാരാളം മതിയാകും. വളരെക്കാലംകൊണ്ട് ഭഗവാൻെറ മനസ്സിൽ, ഓരോ കാര്യവും ചെയ്യുന്നത് എന്തിനായിട്ടാണ് ഓരോ വ്യക്തിയോടും പദാർത്ഥത്തോടുമുള്ള സംബന്ധം ഒടുവിൽ എന്തായി പരിണമിക്കും അത് എത്ര ദൂരം വ്യാപിക്കും എന്നെല്ലാം നല്ലപോലെ ഭാവനംചെയ്തിരുന്നു. മററുള്ളവർ ഓരോ വിഷയത്തിലും എങ്ങിനെ ഏതവസ്ഥയിൽവന്നുനില്ക്കുന്നുവെന്ന് നിരീക്ഷണംചെയ്തു ദൃഢമായ ഒരഭിപ്രായം നേരത്തേതന്നെ രൂപീകരിച്ചിട്ടുമുണ്ടായിരുന്നു. ഇതെല്ലാംകൊണ്ട് (ധനം തുടങ്ങിയ) സകല വിഷയങ്ങളുടെയും ഉദ്ദേശ്യവും പരിണാമവും ഒളിച്ചുവെച്ച് മധുരമയമായ പുറമോടിയിൽ അവയുടെ യഥാർത്ഥത മറന്ന് കുറച്ചുനാളത്തേയ്ക്കു എങ്കിലും വ്യാജമായി ഭോഗമനുഭവിക്കുന്നതിന് ഭഗവാൻ തീരെ സാദ്ധ്യമല്ലായിരുന്നു. എന്നാൽ മുൻപു പറഞ്ഞ പ്രകാരമുള്ള വിവേചനാബുദ്ധി സകല വിഷയങ്ങളിലുമുള്ള ദോഷഗണങ്ങളെതന്നെ നോട്ടത്തിൽ എത്തിക്കുകയും മനുഷ്യനെ നിരാശയും ആലസ്യവുംകൊണ്ട് ജഡപ്രായനാക്കിത്തീർത്ത്, ലോകത്തിൽ ഏതെങ്കിലും ഒരു കാര്യം പ്രവർത്തിക്കുന്നതിനുള്ള ഉദ്യമവും പുരോഗതിയും തടയുകയും ചെയ്യുന്നുവെന്ന് വായനക്കാർ പറയുന്നായിരിക്കാം. അത് വാസ്തവംതന്നെ. മനസ്സ് ആദ്യംതന്നെ വാസനാശൂന്യവും പവിത്രവുമായിരിക്കണം; ഈശ്വ

രലാഭം എന്ന മഹത്തായ ഉദ്ദേശ്യം മനസ്സിന്റെ പരമലക്ഷ്യമായിരിക്കുകയുംവേണം. അങ്ങിനെ അല്ലെങ്കിൽ (സകല വസ്തുക്കളുടെയും ദോഷം ചിന്തിച്ചു വിവേചനചെയ്യുന്ന) ആ ബുദ്ധി മനുഷ്യനെ യഥാർത്ഥത്തിൽ കർത്തവ്യവിമൂഢനും ഉദ്യമരഹിതനും ആക്കിത്തീർക്കും. ചിലപ്പോൾ മാർഗ്ഗം തെറ്റി തോന്നിയപോലെ പ്രവർത്തിക്കുന്നതിനും ഇടയാക്കിയേക്കാം. നേരേമറിച്ച് പവിത്രതയിലും ശ്രേഷ്ഠതമമായ ലക്ഷ്യത്തിലും മനസ്സിന്റെ ആരോഹണസ്വരം രചിച്ചാൽ, സകല വിഷയങ്ങളുടെയും ഉള്ളിൽ പ്രവേശിച്ച് ചർച്ചചെയ്യുന്നതും, ദോഷങ്ങളെ കണ്ടുപിടിക്കുന്നതുമായ അപ്രകാരമുള്ള ബുദ്ധിതന്നെ, ഈശ്വരസാക്ഷാൽക്കാരത്തിനുള്ള വഴിയെ വേഗത്തിൽ മുന്നോട്ടു കടത്തിവിടുന്നതാണ്. അതുകൊണ്ടുതന്നെയാണ് ഗീതയിൽ ശ്രീകൃഷ്ണഭഗവാൻ ശ്രദ്ധായുക്തനും ഭക്തിസമ്പന്നനുമായവനെ മാത്രമുദ്ദേശിച്ച് "ജന്മം, മൃത്യു, ജരാ, വ്യാധി ഇവയിൽ ദുഃഖത്തേയും ദോഷത്തേയും (അല്ലെങ്കിൽ ദുഃഖരൂപമായ ദോഷത്തെ) പിന്നെയും പിന്നെയും ആലോചിച്ച്"വിരക്തനായിത്തീരണം എന്നു പറഞ്ഞിരിക്കുന്നത്. ഭഗവാന്റെ ചരിത്രത്തിൽ ബാല്യം മുതൽ തന്നെ ഈ ദോഷദർശനം എത്രമാത്രം തെളിഞ്ഞിരുന്നുവെന്ന് നോക്കുക! വിദ്യാഭ്യാസത്തിന് ഒരുമ്പെട്ടപ്പോൾ "തർക്കാലങ്കാരൻ" "വിദ്യാവാഗീശൻ" ഇത്യാദി ബിരുദുകളിലൊ, പേരിലൊ, പുകഴിലൊ ഒന്നുംതന്നെ നോട്ടം പോയില്ല. വലിയ "തർക്കവാഗീശന്മാരും" "ന്യായചഞ്ചു"ക്കളുമായ മാന്യന്മാരെല്ലാം ന്യായത്തിലെയും വേദാന്തത്തിലെയും നീളെ നീളെയുള്ള വാചകങ്ങൾചൊല്ലി ധനികന്മാരുടെ പുരവാതുക്കൽ ചെന്ന് സ്തുതിപാഠകംചെയ്ത് അരിയും കറിയും (അല്ലെങ്കിൽ കാലക്ഷേപത്തിനു വഴി) നേടുകയാണ് ചെയ്യുന്നത് എന്നു കാണാൻ കഴിഞ്ഞു. വിവാഹംചെയ്വാൻ നിശ്ചയിച്ചു. അപ്പോഴും ലൗകികങ്ങളായ ഭോഗസുഖങ്ങളിലൊ അതിലുള്ള ആനന്ദാമോദങ്ങളിലൊ ഒന്നുമല്ല ദൃഷ്ടിപതിഞ്ഞത്. രണ്ടു ദിവസത്തെ സുഖത്തിനുവേണ്ടി — അതുതന്നെ നിശ്ചയമില്ല — എന്നെന്നേയ്ക്കും ബന്ധനം കഴുത്തിൽ ധരിക്കുന്നുവെന്നും ആവശ്യങ്ങളെ വർദ്ധിപ്പിച്ചിട്ട് പണത്തിനായി ആധിപിടിച്ച് ഉഴറി ഓടിനടക്കുന്നുവെന്നുമാണ് അവിടെയും കണ്ടത്. ലോകത്തിൽ പണമുണ്ടെങ്കിൽ സകല വസ്തുക്കളും ഉണ്ടാക്കുന്നതിനും ഉണ്ടാകുന്നതിനും കഴിയുമെന്നുകണ്ട് ദിവസക്കൂലിയ്ക്കുവേണ്ടി ഒരിക്കലും പണിയെടുത്തില്ല. അന്നവസ്ത്രാദികൾ ലഭിക്കുന്നതിനും ഗൃഹം നിർമ്മിക്കുന്നതിനും മാത്രമല്ലേ പണംകൊണ്ടു കഴിയുകയുള്ളൂ, ഈശ്വരലാഭം സിദ്ധിക്കുകയില്ലല്ലോ എന്നുള്ള സൂക്ഷ്മം ആകുലതയോടുകൂടി കണ്ടറിഞ്ഞിരുന്നു. ലോകത്തിൽ ദീനന്മാരും ദരിദ്രന്മാരുമായിട്ടുള്ളവരോടു ദയവുചെയ്ത് അവർക്ക് ദുഃഖത്തിൽനിന്നും മോചനം നൽകി "ദാനശീലൻ" "പരോപകാരി" എന്നെല്ലാം പേരുനേടാമല്ലോ എന്നാണെങ്കിൽ ആ നടവടിയിൽനിന്നും ഭഗവാൻ മനസ്സിലാക്കിയത് ഇതാണ്;

ജീവിതാവധി ശ്രമിച്ചു എന്നിരിക്കട്ടെ; കൂടിപ്പോയാൽ രണ്ടുനാലു ഫീസില്ലാത്ത പള്ളിക്കൂടങ്ങളൊ രണ്ടുനാലു ഡിസ്പെൻസറികളോ ഏതാനും അതിഥിശാലകളോ നിർമ്മിക്കാൻ സാധിച്ചേക്കാം; അപ്പോഴേയ്ക്കും മരണമായി. ലോകത്തിലെ കുറവുകളെല്ലാം സാരമായ യാതൊരു ഭേദവുംകൂടാതെ പിന്നെയും അതുപോലെതന്നെ ഇരിക്കുന്നതേയുള്ളു. സകല വിഷയങ്ങളിലും ഈ വിധം തന്നെ!

ധനികന്മാർക്കും പണ്ഡിതന്മാർക്കും ഭഗവാനെ സൂക്ഷ്മമായി ഗ്രഹിക്കുവാൻ പ്രയാസം; അതിനു കാരണം. ഇപ്രകാരമുള്ള സ്വഭാവത്തോടുകൂടിയ ഭഗവാനെ യഥാർത്ഥത്തിൽ മനസ്സിലാക്കുന്നതിന് ആളുകൾക്ക് വളരെ പ്രയാസമാണ്. വിദ്യകൊണ്ട് അഭിമാനംനടിക്കുന്നവർക്കും പണം വലിപ്പമായി കരുതുന്നവർക്കും കുറേക്കൂടി പ്രയാസമാണ്. ലോകത്തിൽ സംഗതികൾ സ്പഷ്ടമായി പറയുന്നവർ ചുരുക്കമായതുകൊണ്ട് ജനമദ്ധ്യത്തിലുള്ള കേൾവിയും ധനംകൊണ്ടുള്ള മദവും സംസാരിച്ചു കേൾക്കുന്നതിനുള്ള ക്ഷമതന്നെ ഭഗവാന് മിക്കവാറും നശിച്ചുപോയി.

അതുകൊണ്ട് അവർ പലപ്പോഴും ഭഗവാനെ വാസ്തവമായി മനസ്സിലാക്കാതെ അസഭ്യനെന്നോ, ഭ്രാന്തനെന്നോ, അഹങ്കാരിയെന്നോ മനസ്സിൽ വിചാരിച്ചുപോകുമെങ്കിൽ അത് ആശ്ചര്യമല്ലല്ലൊ. ഈ സ്ഥിതി നോക്കുമ്പോഴും റാണി രാസമണിയുടെയും മഥുരബാബുവിൻെറയും ഭക്തിയും സ്നേഹവും ഓർത്തു വിസ്മയിക്കേണ്ടതായിട്ടിരിക്കുന്നു. അവർക്ക് ഭഗവാനിലുള്ള സ്നേഹത്തെ യാതൊരു കോട്ടവും വാട്ടവും തട്ടാതെ രക്ഷിക്കുന്നതിനു കഴിഞ്ഞു; എന്നു മാത്രമല്ല അവിടുത്തെ ദിവ്യമായ ഗുരുഭാവം ഇന്നതാണെന്നു ഓരോ ദിവസം കഴിയുന്തോറും കൂടുതലായി മനസ്സിലാക്കുന്നതിനും ഭഗവൽ ചരണപത്മങ്ങളിൽ സമ്പൂർണ്ണമായ ആത്മസമർപ്പണംചെയ്യുന്നതിനും സാമർത്ഥ്യമുണ്ടായി. ഇതെല്ലാം ഈശ്വരകൃപകൊണ്ടുണ്ടായ ഒരു മഹത്തായ ഭാഗ്യോദയമാണെന്നുതന്നെ തോന്നുന്നു. കാളീക്ഷേത്രത്തിലെ പ്രതിഷ്ഠാദിവസം തൻെറ ജ്യേഷ്ഠൻതന്നെ പൂജ നടത്തുന്നതിന് വ്രതം എടുത്തിരുന്നു. ഭോജനത്തിനായി ശ്രീ ജഗദംബയുടെ പ്രസാദംതന്നെ ലഭിക്കുകയും ചെയ്യുമായിരുന്നു. എങ്കിലും ശൂദ്രൻെറ അന്നം കഴിക്കേണ്ടതായി വരുമെന്നുപറഞ്ഞു അപ്പോൾ ഉപവാസംചെയ്യുയാണുണ്ടായത്. ഇതിനുശേഷവും കുറേക്കാലംകൂടി ആ കാരണംകൊണ്ട്, കാളിക്ഷേത്രത്തിൻെറ സമീപം ഗംഗാതീരത്തുവെച്ച് സ്വയംപാകംചെയ്തു ഭക്ഷിക്കുകയാണ് ചെയ്തിരുന്നത്. മഥുരബാബു പല പ്രാവശ്യവും ക്ഷണിച്ചുവെങ്കിലും ലൌകികനാണ് വിഷയിയാണ് എന്നു പറഞ്ഞ് അയാളോടു സംസാരിക്കുന്നതിനുതന്നെ വിമുഖനായിരുന്നു. അതിനുശേഷവും ജഗന്മാതാവായ കാളിയുടെ പൂജയ്ക്കായി വ്രതം ധരിക്കുന്നതിന് അത്യന്തം ആദരവോടുകൂടി

അപേക്ഷിച്ചിട്ടും പിന്നെയും പിന്നെയും നിഷേധിച്ചു. ഇങ്ങിനെയെല്ലാം ഇരുന്നിട്ടും ഇതേ ഭഗവാനെ അഭിമാനവും ധനഗർവ്വും വെടിഞ്ഞ് മഥുരനും രാസമണിയും ആദ്യംമുതൽ ഒരേ ഭാവത്തിൽ സ്നേഹിച്ചിരുന്നുവെന്നുള്ളത് ഈശ്വരകൃപകൊണ്ടല്ലാതെ ഒരിക്കലും സഹജമായി സംഭവിക്കുന്നതല്ല.

## പുസ്തകാഭിപ്രായം.

ലക്ഷ്മിഭായിയുടെ "രജതജ്ജൂബിലി" ലക്കം കൈപ്പററി നന്ദിപറഞ്ഞുകൊള്ളുന്നു. മേനിക്കടലാസിൽ ഭംഗിയായി അച്ചടിച്ചിരിക്കുന്ന ഈ പുസ്തകത്തിൽ ൨൫൦-ൽപരം വശങ്ങളും മലയാളത്തിലെ പല സാഹിത്യകൃത്തുകളുടേയും ചിത്രങ്ങളുമുണ്ട്.

കേരളീയർ ആരംഭശൂരന്മാരാണെന്ന് ഒരു പഴിയുണ്ടല്ലോ. അതു ശരിയല്ലെന്നു വാദിക്കുമ്പോൾ തെളിവിനുവേണ്ടി ലക്ഷ്മീഭായിയേയും നിസ്സംശയമായി ചൂണ്ടിക്കാണിക്കുവാൻ കഴിയും. കഴിഞ്ഞ ഇരുപത്തിയഞ്ചു സംവത്സരക്കാലമായി വിരോധികളായ പരിതസ്ഥിതികളെ വിഗണിച്ചും സ്വയം വരിച്ചിട്ടുള്ള ചില തത്വങ്ങളെ മുറുകെ പിടിക്കുന്നതിനുള്ള തന്റേടത്തോടുകൂടിയും സാഹിത്യത്തെയും തദ്വാരാ സമുദായത്തെയും ലക്ഷ്മീഭായി സേവിച്ചുവരുകയാണ്. രജതജ്ജൂബിലി ആഘോഷിക്കുന്നതിനുള്ള ദുർല്ലഭമായ ഭാഗ്യവും ഇപ്പോൾ കൈവന്നു. ഈ അവസരത്തിൽ ഞങ്ങളും പ്രസ്തുത മാസികയുടെ പ്രവർത്തകനെ ഹാർദ്ദമായി അനുമോദിക്കുകയും പത്രികയുടെ ഗുണപ്രദമായ ദീർഘായുസ്സിനുവേണ്ടി ഈശ്വരനോടു പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു. മലയാളത്തിലെ മാതൃദേവികളുടെ പ്രതിഭാപ്രസൂതങ്ങളായ ലേഖനങ്ങളുടെ വഹിത്രമായും അവരുടെ സവിശേഷവാത്സല്യത്തിനു പാത്രമായും തീർന്നിട്ടുള്ള ലക്ഷ്മീഭായി ഏതൽപര്യന്തം പലേ കാവ്യങ്ങളും കഥകളും, ഐതിഹ്യങ്ങളും ഉപന്യാസങ്ങളുംകൊണ്ട് ഭാഷാഭണ്ഡാരത്തെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഞങ്ങളുടെ മുൻപിൽ ഇരിക്കുന്ന ഈ ലക്കത്തിൽ "ഈശ്വരവിശ്വാസ"ത്തിൽ തുടങ്ങി "ശ്രീകൃഷ്ണപദ്യമാല"യിലവസാനിക്കുന്ന ഗദ്യപദ്യാത്മകങ്ങളായ ഇരുപത്തിനാലു ഗ്രന്ഥങ്ങളാണ് അടങ്ങിയിരിക്കുന്നതു്. സൂക്ഷ്മനിരീക്ഷണം പരിപക്വചിന്ത സമീചീനമായ പ്രതിപാദനം ഇത്യാദി രചനാഗുണങ്ങൾ 'അവരോധത്തിൽനിന്നും അരങ്ങത്തേയ്ക്കു' 'സുകുമാരകലകൾ' എന്നീ ലേഖനങ്ങളിൽ തെളിഞ്ഞുകാണുന്നുണ്ട്. എവിടെയും സ്വാതന്ത്ര്യത്തെ തടയുന്ന സകലത്തെയും എതിർത്തു തകർക്കുക എന്നുള്ളതാണല്ലോ ഈ കാലഘട്ടത്തിനുള്ള ഒരു വിശേഷത. ഈ 'സ്വാതന്ത്ര്യസമര'ത്തിനും നവവിധാനത്തിനും പ്രവേശമില്ലാത്ത ഇടമില്ല. ഈ ആശയങ്ങൾകൊണ്ടുന്മത്തന്മാരായിത്തീർന്നിട്ടുള്ളവർക്ക്

നമ്മളുടെ ഭൂതകാലം മുഴുവൻ അന്ധകാരമയമായ ഒരു കാർമേഘപടലമാണ്. അതിനിടയിൽക്കൂടി പ്രാചീനാദർശങ്ങളുടെ നക്ഷത്രവെളിച്ചം അവക്കു ലഭിക്കുന്നില്ല. ഈ മാതിരി 'ഉൽപതിഷ്ണു'ത്വം പിടിക്കാതെ ഒരു 'യാഥാസ്ഥിതികത'തന്നെ ലക്ഷ്മീഭായി രക്ഷിച്ചുവരുകയാണെന്നുവേണം പറയുവാൻ. 'സ്ത്രീകളും ഇംഗ്ലീഷുവിദ്യാഭ്യാസവും' 'സ്ത്രീത്വവും സ്വാതന്ത്ര്യസമരവും' എന്ന രണ്ടു ലേഖനങ്ങളും ആ അഭിപ്രായത്തെ ബലപ്പെടുത്തുന്നു. കാലാനുസൃതമായി വന്നുചേരുന്ന മാററങ്ങൾക്കു വശംവദരായിക്കൊണ്ടു് ജാതീയധർമ്മത്തെ മുഖ്യാംശങ്ങളിലെല്ലാം രക്ഷിക്കുകയാണല്ലോ വേണ്ടതു്. ഈ തത്വം ഈ ലേഖനങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ടു്. പ്രസംഗക്കാരുടെ പദപ്രവാഹഘോഷത്തിലുള്ളതുപോലെ ഒരു 'സ്ത്രീസ്വാതന്ത്ര്യസമരം' ഒരു ദിക്കിലുമില്ലെങ്കിലും അസ്ഥാനത്തിലുള്ള വാഗ്വ്യയം പലപ്പോഴും കല്പിതമായ ഒരു പ്രതിദ്വന്ദ്വിഭാവത്തെപ്പററി ശങ്കിക്കുന്നതിനിടംകൊടുത്തു എന്നും വരുമല്ലോ. പ്രസ്തുത ലേഖനങ്ങളിൽ ഇതു നിവാരണംചെയ്യണമെന്നു് ഉദ്ദേശിച്ചിട്ടുള്ളതായി കാണുന്നു. 'കേരളസ്ത്രീകളും ആയുർവ്വേദവും' 'രോഗിശുശ്രൂഷ' ഈ രണ്ടു ലേഖനങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൾ പരക്കെ അറിഞ്ഞിരിക്കേണ്ടതാണു്. ആ അറിവിനെ ഉടൻ പ്രയോഗിക്കുന്നതും സമുദായനന്മയ്ക്കു ആവശ്യമാണു്. വേറെയും വിനോദവും വിജ്ഞാനവും നൽകുന്ന ഐതിഹ്യങ്ങളും കഥകളും ഇതിലുണ്ടു്. 'വിജ്ഞാനയാത്രാസമുദായസംഘടന' 'രോഗീശുശ്രൂഷ' ഇത്യാദി ശബ്ദപ്രയോഗങ്ങൾ ഞങ്ങൾക്കു രുചിക്കുന്നില്ല.

പ്രബുദ്ധവിശ്വകർമ്മൻ: ചേർത്തലനിന്നും ശ്രീമാൻ വി. കെ. വാസു ആശാരിയുടെ പത്രാധിപത്യത്തിൽ നടത്തിവരുന്ന ഒരു പ്രതിപക്ഷപത്രിക. 'കേരളമൊട്ടുക്കുള്ള വിശ്വകർമ്മജരുടെ ഇടയിൽ ഒരു ഘടനയുണ്ടാക്കുന്ന'തിനായി തുടങ്ങിയിരിക്കുന്ന ഈ സഹജീവിക്കു മംഗളമാശംസിച്ചുകൊള്ളുന്നു.

തൊഴിലാളി: ലേബർ അസോസ്യേഷൻെറ ആഭിമുഖ്യത്തിൽ തൊഴിലാളികളുടെ അവശതകളെ പരിഹരിക്കുന്നതിനും ആവശ്യങ്ങൾക്കുവേണ്ടി വാദിക്കുന്നതിനുമായി നടത്തിവരുന്ന വർഗ്ഗീയമല്ലാത്ത ഈ പ്രതിവാരപത്രികയുടെ അഭിവൃദ്ധിക്കായി ഞങ്ങളും പ്രാർത്ഥിക്കുന്നു.

## നാനാവാർത്ത.

ദേവദാസീ സമ്പ്രദായം നിറുത്തി: "പണ്ടുകാലങ്ങളിൽ എന്തൊരു ഉദ്ദേശത്തോടുകൂടി സ്ഥാപിക്കപ്പെട്ടിരുന്നതായാലും ശരി ഇന്നത്തെ കാല

സ്ഥിതിക്കും ജനങ്ങളുടെ മനോഗതിക്കും യോജിച്ചതല്ലാത്തതും ജനസമുദായത്തിൻെറ ധാൎമ്മികവും സാന്മാൎഗ്ഗികവുമായ നിലകൾക്കു ഹാനികരമായതുമായ ഒട്ടനവധി ആചാരങ്ങൾ നമ്മുടെയിടയിൽ പരിഹരണീയങ്ങളായിട്ടുണ്ടു്. ജനങ്ങൾക്കിടയിൽ സാമാന്യമായി പരിഷ്കാരബോധത്തിൻെറ വളൎച്ചയ്ക്കു ശക്തി മതിയായിട്ടില്ലാത്തതിനാലും, ഗവൺമെണ്ടിൻെറ അനാസ്ഥയാലും അനാദരണീയങ്ങളായ ഒട്ടേറെ ആചാരങ്ങൾ ഇന്നും സമുദായങ്ങളുടെ പുരോഗമനപന്ഥാവിൽ വിലങ്ങടിച്ചുകിടപ്പുണ്ടു്. ഇങ്ങിനെ ഇന്ത്യാക്കാരെ ഇതരന്മാരുടെ ദൃഷ്ടിയിൽ പരിഹാസ്യന്മാരായി വെച്ചുകൊണ്ടിരിക്കുന്ന വികലങ്ങളായ ആചാരസമ്പ്രദായങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് ദേവദാസീസമ്പ്രദായം. ദേവദാസീസമ്പ്രദായം മദിരാശിസംസ്ഥാനത്തിലെ ഇതരപ്രദേശങ്ങളിലെപ്പോലെ നമ്മുടെ ഈ പടിഞ്ഞാറൻകരയിൽ നടപ്പിലില്ലെങ്കിലും കൊച്ചിയിലും തിരുവിതാംകൂറിലും പേരിനുമാത്രമായിട്ടെങ്കിലും ദേവദാസീസമ്പ്രദായം ദുർല്ലഭം ചിലേടത്തു അനുഷ്ഠിക്കപ്പെട്ടുന്നുണ്ടെന്നു കാണാം. ഈ ദേവദാസീസമ്പ്രദായത്തെ നിരോധിച്ചുകൊണ്ടു് തിരുവിതാംകൂർ മഹാറാണി റീജണ്ടു ഒരു കല്പന പുറപ്പെടുവിച്ചിരിക്കുന്നു. റീജണ്ടു് തിരുമനസ്സിലെ ഈ കല്പന പരിഷ്കാരബോധമുള്ളവരെയെല്ലാം പരമാനന്ദചിത്തരാക്കുകതന്നെ ചെയ്യും......വാസ്തവത്തിൽ ജനങ്ങൾ ബഹളംകൂട്ടാതെതന്നെ ഗവൺമെണ്ടു് അറിഞ്ഞു ചെയ്യേണ്ട കാൎയ്യങ്ങളാണിതെല്ലാം. അതുകൊണ്ടു് മഹാറാണി റീജണ്ടിൻെറ ഉചിതമായ പ്രവൃത്തിയിൽ ഞങ്ങൾ തിരുമനസ്സിലെ ഹൃദയംഗമമായി അനുമോദിച്ചുകൊള്ളുന്നു......പക്ഷെ അതുപോലുള്ളവർ തിരുവിതാംകൂറിലുണ്ടാവില്ലെന്നു ഞങ്ങൾക്കു് വിശ്വാസമുണ്ടു്. ഈശ്വരൻേറയും മതത്തിൻേറയും പേരു പറഞ്ഞു ദുരാചാരവൃത്തിയെ നിലനിൎത്തിക്കൊണ്ടുപോവാനുള്ള ഒരേൎപ്പാടിനെ തുടരുവാനനുവദിക്കാത്തതിനെപ്പറ്റി പിറുപിറുക്കുവാൻ വല്ലവരും ഉണ്ടെങ്കിൽ അവരുടെ അക്രമമായ മനോഭാവത്തെപ്പറ്റി നാം ലവലേശം കൂസേണ്ടതായിട്ടില്ല. നമ്മുടെ സഹോദരികളായ സാധു കന്യകമാരെ ദേവന്റെ ദാസികളായി അടിയറവെച്ചുവെന്നുംപറഞ്ഞു്, അവരെ നരകമായ ജീവിതത്തിലേയ്ക്കു തള്ളിവിടുന്ന പൈശാചികമായ ഒരേൎപ്പാടിനെ നിരാകരിക്കുന്നകാൎയ്യത്തിൽ തിരുവിതാംകൂർ മുന്നിട്ടുനിന്നു പ്രവൎത്തിച്ചതു് ഏത്രയും ഉചിതമായിട്ടുണ്ടു്. മഹാറാണി റീജണ്ടിൻെറ ആദരണീയമായ ഈ പ്രവൃത്തി മററുള്ളവൎക്കു് ഒരു മാതൃകയായിരിക്കട്ടെയെന്നും ഞങ്ങളാശംസിക്കുന്നു."

(യോഗക്ഷേമം)

കൊയിലാണ്ടി ശ്രീരാമകൃഷ്ണാശ്രമത്തിലെ പുതിയ കെട്ടിടത്തിൻെറ ഉൽഘാടനകൃത്യം ജൂൺ ൨൯-ാംനു- മംഗളമായി കഴിഞ്ഞുകൂടി. മഴയുടെ ഉപദ്രവമുണ്ടായിരുന്നിട്ടും ഇതിൽ സംബന്ധിക്കുന്നതിനായി ഒരു നല്ല ജനസംഘം വന്നുചേരുകയും എല്ലാകാൎയ്യങ്ങളിലും വൎണ്ണവൎഗ്ഗഭേദമെന്യേ യോ

ജിച്ചു പ്രവൎത്തിക്കുകയും ചെയ്തു. മദ്ധ്യാഹ്നത്തിൽ അറുനൂറോളം ആളുകൾക്കു വിഭവങ്ങളോടുകൂടി പ്രസാദം വിതരണംചെയ്യപ്പെട്ടു. നാലുമണിക്കു ശേഷം കൂടിയ സംഘത്തിൽ 'ശ്രീരാമകൃഷ്ണദേവൻ' എന്ന വിഷയത്തെ പുരസ്കരിച്ചു ശ്രീമത് വാഗീശ്വരാനന്ദസ്വാമികളും 'ശ്രീരാമകൃഷ്ണമഠങ്ങളുടെ ആവശ്യകതയും പ്രയോജനവും' എന്ന വിഷയത്തെ അധികരിച്ചു് ശ്രീമത് ആഗമാനന്ദസ്വാമികളും ഓരോ പ്രസംഗം നടത്തുകയുണ്ടായി. ഏഴുമണിയോടുകൂടി ആരാത്രികയും പ്രസാദവിതരണവും കഴിഞ്ഞു ജനസംഘം പിരിഞ്ഞു.

---


## ബ്രഹ്മാനന്ദീയം ഒന്നാം ഭാഗം.

(പരിഷ്കരിച്ച രണ്ടാം പതിപ്പ്)

ശ്രീരാമകൃഷ്ണപരമഹംസദേവൻെറ മാനസപുത്രനായ പരമഹംസ പരിവ്രാജകാചാൎയ്യ ശ്രീമദ് ബ്രഹ്മാനന്ദപൂജ്യപാദസ്വാമികളുടെ ജീവചരിത്രവും ഉപദേശങ്ങളും അടങ്ങിയ വിശിഷ്ടഗ്രന്ഥം. സ്വാമികളുടെ പടത്തോടുകൂടിയതു്. മുന്നൂറിൽപരം പേജുകളുള്ളതു്.

ഒന്നാംപതിപ്പ് ആയിരംപ്രതി മൂന്നുമാസംകൊണ്ടു് ചിലവായി.

ഒന്നാംതരത്തിനു വില ൧ ക. ൪ ണ.

രണ്ടാംതരത്തിനു വില ൧൨ ണ.

അപേക്ഷിക്കേണ്ടും മേൽവിലാസം:— ആഗമാനന്ദസ്വാമികൾ C/o.
മാനേജർ, കെ. പി. വർക്സ്,
ഒററപ്പാലം പോസ്റ്റ്, തെക്കേമലബാർ.

(പ്രബുദ്ധകേരളം ആഫീസിലും കിട്ടുന്നതാണ്.)

## മഹിള.

സ്ത്രീജനങ്ങളുടെ ഉപയോഗത്തിന്നായി
തിരുവിതാംകൂർ
**ജൂനിയർ മഹാറാണി തിരുമനസ്സിലെ**
**രക്ഷാധികാരത്തിൽ**
പ്രസിദ്ധംചെയ്യുന്ന
**ഏക ഉത്തമ സ്ത്രീമാസിക.**

വരിസംഖ്യ ൩ രൂപാ. ബ്രി: ഇൻഡ്യ ൩ രൂപാ. ൮ അണ.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

ബി. ഭാഗീരഥി അമ്മ,
പ്രസാധിക, ചെങ്ങന്നൂർ

# പ്രബുദ്ധകേരളം നിബന്ധനകൾ.

1. അതാതുമാസം ൨൦-ാം തീയതിക്കകം മാസിക കിട്ടാത്ത വരിക്കാർ അടുത്ത മാസം ൧-ാം തീയതിക്കകം വിവരം അറിയിക്കേണ്ടതാണു അപ്രകാരം ചെയ്യാത്തവരുടെ പരാതികൾ ഗൌനിക്കുന്നതല്ല.
2. മേൽവിലാസം മാറിയാലുടനെ വിവരം അറിയിക്കേണ്ടതാണ്.
3. രജി. നമ്പർ കൂടാതെ അയയ്ക്കുന്ന എഴുത്തുകൾ ഗൌനിക്കുന്നതിനു താമസം നേരിടുന്നതാണ്.
4. മൂന്നു വരിക്കാരെ ചേർത്ത് അവരുടെ ഒരു കൊല്ലത്തെ വരിസംഖ്യ അയപ്പിക്കുന്നവർക്കു മഹർഷിനാഗമഹാശയൻ ഒരു പ്രതി വിലകൂടിതെ അയച്ചുകൊടുക്കുന്നതാണ്.
5. ആറു വരിക്കാരെ ചേർത്ത് അവരുടെ ഒരു കൊല്ലത്തെ വരിസംഖ്യ അയപ്പിക്കുന്നവർക്ക് അവർ ആറുപേരും വരിക്കാരായിരിക്കുന്നിടത്തോളം കാലം "പ്രബുദ്ധകേരളം" സൌജന്യമായി അയച്ചുകൊടുക്കുന്നതാണ്.


# Prabuddha Bharata.

A High class monthly on practical Vedanta, setting forth the lofty teachings of SRI RAMAKRISHNA and Swami Vivekananda from a nonsectarian standpoint.

Conducted by the Advaita Asrama, Mayavati, Himalayas and printed in an improved get-up, from Calcutta.

35th year commenced from January, 1930.

Annual Subscription : Rs. 4. Inland, Foreign 11S.

Please apply to—

The Manager, "PRABUDDHA BHARATA"
182. A. MuktaRam Babu Street, Calcutta.